പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 391 — 17. 12. 2008 ൽ മറുപടിയ്ക്ക്

## എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. എം. ആരിഫ്<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ<br>ശ്രീ. എ. പ്രദീപ് കുമാർ<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ<br>ശ്രീ. വി. ശശികുമാർ | ശ്രീ. പി.കെ ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | എ) സംസ്ഥാനത്തെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളും ഘട്ടം ഘട്ടമായി കമ്പ്യൂട്ടർവൽക്കരിക്കാൻ നടപടി ആരംഭിച്ചു കഴിഞ്ഞു. നിലവിൽ 32 എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കിയിട്ടുണ്ട്. |
| ബി) രജിസ്ട്രേഷൻ, രജിസ്ട്രേഷൻ പുതുക്കൽ തുടങ്ങിയ ജോലികൾ ഓൺലൈൻ സംവിധാനം മുഖേന നടത്താൻ ഉദ്ദേശ്യമുണ്ടോ; | ബി) ഉണ്ട്. |
| സി) എംപ്ലോയ്മെൻറ് വകുപ്പ് ആരംഭിച്ച "മൾട്ടി പർപ്പസ് സർവ്വീസ്" സെൻററുകളുടെ പ്രവർത്തനം വ്യക്തമാക്കുമോ; | സി) തൊഴിൽ വൈദഗ്ദ്യം നേടിയ അഭ്യസ്ഥവിദ്യരായ യുവജനങ്ങളെ ചെറുസംഘങ്ങളായി സംഘടിപ്പിച്ച് തൊഴിൽ ക്ലബ്ബുകൾ രൂപീകരിക്കുന്ന ഏറ്റവും നൂതനമായ ഒരു ഗ്രൂപ്പ് സ്വയം തൊഴിൽ പദ്ധതിയാണിത്. 5 പേരടങ്ങുന്ന ഓരോ ക്ലബ്ബിനും ബാങ്കുകൾ മുഖേന 10 ലക്ഷം രൂപ വായ്പ നൽകും. വായ്പയുടെ 25% (പരമാവധി 2 ലക്ഷം രൂപ) ഓരോ ക്ലബ്ബിനും സബ്സിഡിയായി നൽകും. |

പദ്ധതിക്ക് ഭരണാനുമതി നൽകിയത് 29/10/07 ലാണ്. എന്നിരുന്നാലും ആ സാമ്പത്തിക വർഷം ബഡ്ജറ്റ് അലോട്ട്മെൻറായ ഒരു കോടി രൂപയും 68 ജോബ് ക്ലബ്ബുകൾക്ക് സബ്സിഡിയായി നൽകി പൂർണ്ണമായി വിനിയോഗിക്കാൻ സാധിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തിൽ ഇതുവരെ 82 ലക്ഷം രൂപ 56 ജോബ് ക്ലബ്ബുകൾക്കായി സബ്സിഡിയിനത്തിൽ വിതരണം നടത്തിയിട്ടുണ്ട്.

ഡി) അനർഹർ തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്നതു തടയുന്നതിന് നടപടി സ്വീകരിക്കുമോ?

ഡി) തൊഴിൽ രഹിത വേതനം വിതരണം നടത്തുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ്. എന്നിരുന്നാലും സെൽഫ് എംപ്ലോയ്മെൻറ് ഓഫീസർമാർ എല്ലാ മാസവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തൊഴിൽരഹിത വേതന വിതരണം സംബന്ധിച്ച് പരിശോധന നടത്തുകയും ക്രമക്കേടുകൾ കണ്ടാൽ ആയത് പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ-- ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.* 392                17-12-.2008- ൽ മറുപടിയ്ക്ക്

## മത്സ്യ സംസ്ക്കരണവും വിപണനവും

ചോദ്യം                                                                മറുപടി

ശ്രീ.കെ.അജിത് :
ശ്രീ.എൻ.അനിരുദ്ധൻ :
ശ്രീ.എ.കെ.ചന്ദ്രൻ :
ശ്രീ.പി.തിലോത്തൻ :

ശ്രീ. എസ്. ശർമ്മ
(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) മത്സ്യ സംസ്ക്കരണത്തിന് എന്തെല്ലാം സംവിധാനങ്ങളാണുള്ളത് ; നിലവിലുള്ള മത്സ്യ സംസ്ക്കരണശാലകളുടെ സ്ഥാപിതശേഷി എത്രയാണ് ; ഇപ്പോൾ കാര്യക്ഷമമായി വിനിയോഗിക്കുന്ന സ്ഥാപിതശേഷി എത്രയാണെന്ന് വ്യക്തമാക്കുമോ ; | (എ) ശീതീകരിക്കൽ, ക്യാനിംഗ്, മത്സ്യം ഉണക്കൽ എന്നിങ്ങനെ മത്സ്യസംസ്ക്കരണത്തിന് വിവിധതരം സംവിധാനങ്ങൾ നിലവിലുണ്ട്.... നിലവിലുള്ള മത്സ്യസംസ്ക്കരണശാലകളുടെ സ്ഥാപിതശേഷി അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) മത്സ്യവിപണന രംഗത്ത് ആഭ്യന്തര വിപണിയിൽ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനുള്ള സംവിധാനങ്ങൾ അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതുപരിഹരിക്കുന്നതിന് എന്തെല്ലാം നടപ | (ബി) ഉണ്ട്. മത്സ്യമാർക്കറ്റുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് 30 മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിന് 390 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 12 മാർക്കറ്റുകളുടെ നവീകരണം പൂർത്തീകരിച്ചു. മറ്റുള്ളവയുടെ നവീകരണം നടന്നുവരുന്നു. ഈ വർഷം 100 ലക്ഷം രൂപ ഈ ആവശ്യത്തിനായി വകയിരുത്തിയിട്ടുണ്ട്. ആഭ്യന്തരവിപണിയിലെ മത്സ്യത്തിൻെറ ഗുണ- |

| | |
|---|---|
| ടികളെടുത്തുവരുന്നു എന്ന് വ്യക്തമാക്കുമോ ; | മേന്മ ഉറപ്പുവരുത്തുന്നതിനുള്ള നടപടികളുടെ ഭാഗമായി 08.09.2008 - ൽ ബഹു.ഫിഷറീസ് വകുപ്പ് മന്ത്രി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒരു യോഗം വിളിച്ചുചേർക്കുകയും ഈ വിഷയം ആസ്പദമാക്കി പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു വിദഗ്ദ്ധസമിതിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (സി) ഇപ്പോൾ സമുദ്രമേഖലയിൽനിന്ന് പിടിക്കപ്പെടുന്നതിൽ പ്രതിവർഷം എത്ര ടൺ മത്സ്യം ഉപയോഗശൂന്യമാകുന്നുണ്ട് ; | (സി) കൊച്ചിൻ സർവ്വകലാശാല നടത്തിയ പഠനത്തിൽ ശരാശരി 2.50 ലക്ഷം ടൺ ജലജീവികളെ ഉപയോഗശൂന്യമായി കടലിൽ തള്ളുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇതിൽ ഏകദേശം 90,000 ടൺ മത്സ്യങ്ങളും ഉൾപ്പെടുന്നു. |
| (ഡി) നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള സംസ്ക്കരണവും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനവും വിപണനവും വ്യാപകമാക്കുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പാക്കിവരുന്നു എന്ന് വിശദമാക്കുമോ ? | (ഡി) മത്സ്യഉല്പന്നങ്ങളുടെ മൂല്യവർദ്ധനവിനുവേണ്ടി കേന്ദ്രഗവൺമെൻറ് അസംസ്കൃത വസ്തുക്കളുടെയും സുഗന്ധ എണ്ണകളുടെയും ഇറക്കുമതിതീരുവ സൗജന്യമാക്കി വരുന്നു. 29 തരം മത്സ്യഉല്പന്നങ്ങളെ ഉയർന്ന മൂല്യമുള്ള കയറ്റുമതി ഉല്പന്നങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തുകയും വിദേശവ്യാപാര ഇനത്തിൽ ഉന്നത മൂല്യമുള്ള കയറ്റുമതി ഉല്പന്നങ്ങളായി നോട്ടിഫൈ ചെയ്യുകയും ചെയ്തു.<br>കേന്ദ്രഗവൺമെൻറിൻെറ അംഗീകാരത്തോടുകൂടി, എം.പി.ഇ.ഡി.എ രാജ്യത്തെ എല്ലാ മത്സ്യസംസ്കരണശാലകളുടെയും നവീകരണത്തിനായി വിവിധ സ്കീമുകളിലൂടെ സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്.<br>സർക്കാർ ഉത്തരവ് (ആർ.റ്റി) നമ്പർ |

| | |
|---|---|
| | 674/07/മ.തു.വ. തീയതി 9-10-2007 പ്രകാരം കൊല്ലം ശക്തികുളങ്ങരയിൽ നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള സംസ്കരണവും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉൽപ്പാദനവും വിപണനവും വ്യാപകമാക്കുന്നതിനായി നളപാകം എന്ന പേരിൽ ആധുനിക സംവിധാനങ്ങളോടുകൂടിയ ഒരു ഫെസിലിറ്റി സെൻറർ തുടങ്ങുന്നതിനുള്ള ഭരണാനുമതി നല്കിയിട്ടുണ്ട്. ഇതിന് 99.50 ലക്ഷം രൂപ ചെലവാകുമെന്ന് കണക്കാക്കുന്നു. ഇതിൻെറ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

(സ്ഥാപിതശേഷി മെട്രിക് ടണ്ണിൽ)

| ഫ്രീസ് ഡ്രൈയിംഗ് | | ക്യാനിംഗ് | | ഫിഷ്മീൽ | | ഫിഷ് ഓയിൽ | | ഫ്രീസിംഗ് | | ക്വിക്ക് ഫ്രോസൺ | |
|---|---|---|---|---|---|---|---|---|---|---|---|
| യൂണിറ്റുകളുടെ എണ്ണം | സ്ഥാപിതശേഷി | യൂണിറ്റുകളുടെ എണ്ണം | സ്ഥാപിതശേഷി. | യൂണിറ്റുകളുടെ എണ്ണം | സ്ഥാപിതശേഷി | യൂണിറ്റുകളുടെ എണ്ണം | സ്ഥാപിതശേഷി | യൂണിറ്റുകളുടെ എണ്ണം | സ്ഥാപിതശേഷി | യൂണിറ്റുകളുടെ എണ്ണം | സ്ഥാപിതശേഷി |
| 2 | 3.14 | 4 | 16.0 | 3 | 45.0 | 2 | 2.60 | 114 | 2318.21 | 36 | 357.65 |

സ്ഥാപിതശേഷിയുടെ 20% ആണ് ഇപ്പോൾ വിനിയോഗിക്കുന്നത്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.393 | 17-12-2008-ന് മറുപടിക്ക്

## അംഗീകാരമില്ലാത്ത സ്ലോട്ടർ ഹൗസുകളും മത്സ്യമാർക്കറ്റുകളും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എം.യൂസഫ്<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.വി.എൻ.വാസവൻ<br>ശ്രീ.പി.വിശ്വൻ<br>ശ്രീ.എം.ഹംസ | ശ്രീ.പാലോളി മുഹമ്മദ്കുട്ടി,<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് അംഗീകാരമില്ലാത്ത സ്ലോട്ടർ ഹൗസുകളും മത്സ്യമാർക്കറ്റുകളും വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) അംഗീകാരമില്ലാത്ത സ്ലോട്ടർ ഹൗസുകളും മത്സ്യമാർക്കറ്റുകളും ഉണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇത് വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) നിയമാനുസൃതമല്ലാത്ത മത്സ്യ-മാംസ വിപണന കേന്ദ്രങ്ങൾ അടച്ചുപൂട്ടുവാൻ നടപടി സ്വീകരിക്കുമോ? | ബി) മുനിസിപ്പൽ ആക്ട് പ്രകാരവും പഞ്ചായത്ത് ആക്ട് പ്രകാരവും നടപടികൾ സ്വീകരിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദ്ദേശംനൽകിയിട്ടുണ്ട്. മുനിസിപ്പൽ ആക്ടിലെ 455-ാം വകുപ്പുപ്രകാരം മുനിസിപ്പൽ അറവുശാലകളോ, ലൈസൻസ് ഉള്ള അറവുശാലകളോ ഒഴികെയുള്ള സ്ഥലങ്ങളിൽ വെച്ച് മൃഗങ്ങളെ ഭക്ഷണാ |

വശ്യത്തിനായി കൊല്ലുന്നത് നിരോധിച്ചിട്ടു ണ്ട്. കൂടാതെ അനധികൃതമായി ഇറച്ചി വിൽക്കുന്ന ഇറച്ചി വിൽപ്പനശാലകൾ കണ്ടുപിടിച്ച് അവയുടെ ലൈസൻസ് റദ്ദാ ക്കാൻ നടപടിയെടുക്കണം എന്ന് എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽ കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പര്‍ : T*394      17.12.2008-ല്‍ മറുപടിക്ക്

## <u>ക്രീമിലെയര്‍ പരിധി</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അടൂര്‍ പ്രകാശ്<br>പ്രൊഫ.കെ.വി.തോമസ് | | ശ്രീ.എ.കെ.ബാലന്‍<br>പട്ടിക സമുദായ ക്ഷേമവും<br>ഊര്‍ജ്ജവും വകുപ്പ് മന്ത്രി | |
| (എ) | ക്രീമിലെയര്‍ പരിധി എത്ര രൂപയായാണ് കേന്ദ്ര ഗവണ്‍മെന്റ് നിശ്ചയിച്ചിട്ടുള്ളത്; ഇതു സംബന്ധിച്ച് കേന്ദ്ര ഉത്തരവ് ലഭിച്ചുവോ; എങ്കില്‍ കോപ്പി മേശപ്പുറത്തു വയ്ക്കുമോ; | (എ) | കേന്ദ്ര സര്‍ക്കാര്‍ ക്രീമിലെയര്‍ വരുമാന പരിധി 4.5 ലക്ഷം രൂപയായി നിശ്ചയിച്ച് 14/10/2008-ലെ O.M.36033/3/2004-Estt (Res) എന്ന ഉത്തരവിറക്കിയിട്ടുണ്ട്. ഉത്തരവ് അനുബന്ധമായി ചേര്‍ത്തിരിക്കുന്നു. |
| (ബി) | സംസ്ഥാനത്തിന്റെ ക്രീമിലെയര്‍ പരിധി, കേന്ദ്രം ഇപ്പോള്‍ നിര്‍ണ്ണയിച്ചിട്ടുള്ള പരിധിക്ക് തുല്യമാക്കാന്‍ ഉദ്ദേശ്യമുണ്ടോ; ക്രീമിലെയര്‍ പരിധി നിര്‍ണ്ണയിക്കുന്ന കാര്യത്തില്‍ ശമ്പളവും കാര്‍ഷിക വരുമാനവും കണക്കിലെടുക്കരുതെന്ന് കേന്ദ്ര ഗവണ്‍മെന്റിന്റെ ഉത്തരവ് നിലവിലുണ്ടോ; | (ബി) | രാജേന്ദ്ര ബാബു കമ്മീഷന്റെ അന്തിമ റിപ്പോര്‍ട്ട് വരുന്നതു വരെ കേന്ദ്ര സര്‍ക്കാര്‍ നിശ്ചയിച്ച ക്രീമിലെയര്‍ വരുമാന പരിധിയായ 4.5 ലക്ഷം രൂപ സംസ്ഥാന സര്‍ക്കാര്‍ നിയമനങ്ങള്‍ക്കും ക്രീമിലെയര്‍ വരുമാന പരിധിയായി ഉയര്‍ത്താവുന്നതാണെന്ന് രാജേന്ദ്ര ബാബു കമ്മീഷന്‍ ഉപദേശം നല്‍കിയിട്ടുണ്ട്. വരുമാന പരിധി നിശ്ചയിക്കുമ്പോള്‍ ശമ്പളവും കാര്‍ഷിക വരുമാനവും കണക്കിലെടുക്കരുതെന്ന് കേന്ദ്ര ഗവണ്‍മെന്റ് ഉത്തരവ് നിലവിലുണ്ട്. |
| (സി) | ഉണ്ടെങ്കില്‍ കോപ്പി മേശപ്പുറത്തു വയ്ക്കുമോ; | (സി) | ഉത്തരവിന്റെ പകര്‍പ്പ് അനുബന്ധമായി ചേര്‍ത്തിരിക്കുന്നു. |
| (ഡി) | സംസ്ഥാനത്തും ഇത്തരം ഉത്തരവ് ബാധകമാക്കുന്നുണ്ടോ? | (ഡി) | പരിശോധിച്ചുവരുന്നു. |

സെക്ഷന്‍ ഓഫീസര്‍.

No.36033/3/2004-Estt. (Res.)
Government of India
Ministry of Personnel, Public Grievances & Pensions
Department of Personnel & Training

New Delhi, dated the 14th October, 2008

**OFFICE MEMORANDUM**

Subject:- Revision of income criteria to exclude socially advanced persons/sections (Creamy Layer) from the purview of reservation for Other Backward Classes (OBCs).

The undersigned is directed to invite attention to this Department's O.M No.36012/22/93-Estt.(SCT) dated 8th September,1993 which inter alia provided that sons and daughters of persons having gross annual income of Rs.1 lakh or above for a period of three consecutive years would fall within the creamy layer and would not be entitled to get the benefit of reservation available to the Other Backward Classes. The limit of income for determining the creamy layer status was raised to Rs. 2.5 lakh vide this Department's OM of even number dated 9.3.2004. It has now been decided to raise the income limit from Rs. 2.5 lakh to Rs. 4.5 lakh per annum for determining the creamy layer amongst the OBCs. Accordingly the following entry is hereby substituted for the existing entry against Category VI in the Schedule to the above referred O.M.

| Category | Description of Category | To whom the rule of exclusion will apply |
|---|---|---|
| VI | Income/Wealth Test | Son(s) and daughter(s) of<br><br>(a)Persons having gross annual income of Rs. 4.5 lakh or above or possessing wealth above the exemption limit as prescribed in the Wealth Tax Act for period of three consecutive years.<br><br>(b)Persons in Categories I, II, III and V A who are not disentitled to the benefit of reservation but have income from other sources of wealth which will bring them within the income/wealth criteria mentioned in (a) above.<br><br>Explanation:<br><br>Income from salaries or agricultural land shall not be clubbed. |

2. The provisions of this Office Memorandum take effect from the 3rd October, 2008.

3. All the Ministries/Departments are requested to bring the contents of this Office Memorandum to the notice of all concerned.

(K.G Verma)
Director

To

1. All the Ministries/Departments of the Government of India.
2. Department of Economic Affairs (Banking Division), New Delhi.
3. Department of Economic Affairs (Insurance Division), New Delhi.
4. Department of Public Enterprises, New Delhi.
5. Railway Board.
6. Union Public Service Commission/Supreme Court of India/Election Commission/Lok Sabha Secretariat/Rajya Sabha Secretariat/Cabinet Secretariat/Central Vigilance Commission/ President's Secretariat/Prime Minister's Office/Planning Commission.
7. Staff Selection Commission, CGO Complex, Lodhi Road, New Delhi.
8. Ministry of Social Justice and Empowerment, Shastri Bhavan, New Delhi.
9. National Commission for SCs and STs, Lok Nayak Bhavan, New Delhi.
10. National Commission for Backward Classes, Trikoot-I, Bhikaji Cama Place, R.K. Puram, New Delhi.
11. Office of the Comptroller and Auditor General of India, 10 Bahadurshah Zafar Marg, New Delhi- 110002.
12. Information and Facilitation Centre, DOPT, North Block, New Delhi. (100 copies)
13. Spare copies – 400.

Copies forwarded to :

The Chief Secretaries of all the States/ UTs. for information and necessary action.

## പന്ത്രണ്ടാം കേരള നിയമസഭ

### ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 395 | 17/12/2008-ലെ മറുപടിക്ക്

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ പദ്ധതികൾ

**ചോദ്യം**

ശ്രീ. ആനത്തലവട്ടം ആനന്ദൻ:
ശ്രീ. അൽഫോൺസ് കണ്ണന്താനം:
ശ്രീ. സി.എച്ച്. കുഞ്ഞമ്പു:
ശ്രീമതി. കെ.കെ. ലതിക:
ശ്രീ. ജോർജ് എം. തോമസ്:

**ഉത്തരം**

ശ്രീ. എ.കെ. ബാലൻ
(പട്ടിക സമുദായക്ഷേമവും
ഊർജ്ജവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) പഞ്ചായത്തി രാജ് / നഗരപാലികാ സംവിധാനം നിലവിൽ വന്നതിനെ ത്തുടർന്ന് പട്ടികജാതി വികസന വകുപ്പ് കൈകാര്യം ചെയ്തിരുന്ന ഏതെല്ലാം പദ്ധതികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയെന്ന് വ്യക്തമാക്കുമോ; | (എ) പഞ്ചായത്തിരാജ് / നഗരപാലികാ സംവിധാനം നിലവിൽ വന്നതിനെത്തുടർന്ന് പട്ടികജാതി / പട്ടിക വർഗ്ഗവികസന വകുപ്പുകളിൽനിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ പദ്ധതികൾ ചുവടെ ചേർക്കും പ്രകാരമാണ്.<br><br>1. **<u>പട്ടികജാതി വികസന വകുപ്പിൽ നിന്നും കൈമാറിയ പദ്ധതികൾ</u>**<br><br>**<u>ഗ്രാമ പഞ്ചായത്ത്</u>**<br><br>(എ) പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി വയോജന വിദ്യാഭ്യാസ പരിപാടി നടപ്പിലാക്കുക.<br><br>(ബി) പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പുര ഓലമേയുന്നതിനുള്ള ധനസഹായം നൽകൽ.<br><br>(സി) പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗങ്ങളുടെ കോളനികളിൽ കിണറുകളും പൊതുജലടാപ്പുകളും തെരുവുവിളക്കുകളും സ്ഥാപിക്കൽ.<br><br>(ഡി) പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വിവാഹം, വൈദ്യചികിൽസ, ഉപരിപഠനം, ഇൻറർവ്യൂവിനു പോകുന്നതിലേയ്ക്കുള്ള യാത്രാബത്ത തുടങ്ങിയവയ്ക്കുള്ള ധനസഹായം നൽകൽ. |

| | |
|---|---|
| | (ഇ) പട്ടികജാതി / പട്ടികവർഗ്ഗകോളനി രൂപീകരണ പദ്ധതി നടപ്പിലാക്കൽ.<br><br>(എഫ്) പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വിവേചനാധിഷ്ഠിത ഗ്രാൻറുകൾ നൽകുക.<br><br>(ജി) പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് തൊഴിൽ സംരംഭങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സഹായവും അതോടൊപ്പം മാർഗ്ഗനിർദ്ദേശങ്ങൾ കൊടുക്കുകയും ചെയ്യൽ.<br><br>(എച്ച്) പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിലുള്ള കുട്ടികളുടെ ക്ഷേമപരിപാടികൾ ആരംഭിക്കൽ.<br><br>**<u>ബ്ലോക്ക് പഞ്ചായത്ത്</u>**<br><br>(എ) പട്ടികജാതി / പട്ടികവർഗ്ഗവിഭാഗങ്ങൾക്കുള്ള ഭവനനിർമ്മാണ ധനസഹായം നൽകൽ.<br><br>(ബി) പട്ടികജാതി / പട്ടികവർഗ്ഗവിഭാഗങ്ങളിലെ ഭൂരഹിതരെയും ഭവനരഹിതരെയും പുനരധിവസിപ്പിക്കൽ.<br><br>(സി) പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഭവനനിർമ്മാണ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ<br><br>(ഡി) സംയോജിത വാസസ്ഥല വികസനപദ്ധതി നടപ്പിലാക്കൽ.<br><br>(ഇ) പട്ടികജാതി / പട്ടികവർഗ്ഗ വ്യവസായ സഹകരണ സംഘങ്ങൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകൽ.<br><br>(എഫ്) പട്ടികജാതി / പട്ടികവർഗ്ഗ കോളനികളിലെ അടിസ്ഥാനസൗകര്യം ഏർപ്പാടാക്കൽ.<br><br>(ജി) കോളനിവാസികൾക്കുള്ള ആരോഗ്യ പദ്ധതികൾ നടപ്പിലാക്കൽ.<br><br>**<u>ജില്ലാപഞ്ചായത്ത്</u>**<br><br>(എ) പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗങ്ങളിലെ സമർത്ഥരായ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകൽ. |

(ബി) പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ബാലവാടികൾ, നഴ്സറി സ്കൂളുകൾ, സീസണൽ ഡെ കെയർ കേന്ദ്രങ്ങൾ, ഡോർമിറ്ററികൾ എന്നിവയുടെ നടത്തിപ്പ്.

(സി) പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗക്കുവേണ്ടിയുള്ള സഹകരണ സംഘങ്ങൾ രൂപീകരിക്കൽ.

<u>മുനിസിപ്പാലിറ്റി/കോർപ്പറേഷൻ</u>

(എ) പ്രീസ്കൂൾ കുട്ടികൾക്ക് ഭക്ഷണം നൽകുന്നതിനുള്ള പരിപാടികൾ നടപ്പിലാക്കൽ.

(ബി) അന്ധവിശ്വാസങ്ങൾക്കും ജാതിചിന്തയ്ക്കും അയിത്താചരണത്തിനുമെതിരെ പ്രചരണം സംഘടിപ്പിക്കൽ.

(സി) പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടി വയോജന വിദ്യാഭ്യാസ പരിപാടി നടപ്പിലാക്കൽ.

(ഡി) പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗക്കൾക്ക് വീട് ഓലമേയുന്നതിനും ഭവനനിർമ്മാണത്തിനും ധനസഹായം നൽകൽ.

(ഇ) പട്ടികജാതി / പട്ടികവർഗ്ഗ കോളനികളിൽ പൊതു സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

(എഫ്) പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വിവാഹം, വൈദ്യചികിത്സ, ഉപരിപഠനം, എന്നിവയ്ക്ക് ധനസഹായം നൽകൽ.

(ജി) പട്ടികജാതി / പട്ടികവർഗ്ഗവിഭാഗങ്ങളിലെ കുട്ടികൾക്ക് ക്ഷേമപരിപാടികൾ ആരംഭിക്കൽ.

(എച്ച്) ദുർബല വിഭാഗങ്ങൾക്ക് നിയമസഹായ സമിതികൾ രൂപീകരിക്കൽ.

(ഐ) പട്ടികജാതി / പട്ടികവർഗ്ഗവിഭാഗങ്ങൾക്കു വേണ്ടിയുള്ള മറ്റിതര ക്ഷേമപരിപാടികൾ നടപ്പിലാക്കൽ.

| | |
|---|---|
| (ബി) പദ്ധതികൾ നടപ്പാക്കുന്നതിനായി പട്ടികജാതി വികസന വകുപ്പിന്റെ ഉദ്യോഗസ്ഥരുടെ സേവനം തദ്ദേശ സ്ഥാപനങ്ങൾക്ക് വിട്ടുകൊടുത്തിട്ടുണ്ടോ; | (ബി) പഞ്ചായത്തിരാജ് / നഗരപാലികാ സംവിധാനം നിലവിൽ വന്നതോടെ 15,000-നുമേൽ ജനസംഖ്യയുണ്ടായിരുന്ന ബ്ലോക്കുകളിൽ നിലവിലുണ്ടായിരുന്ന 65 ബ്ലോക്ക് എക്സ്റ്റെൻഷൻ ആഫീസർമാരുടെ സേവനം ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് പട്ടികജാതിവികസന ആഫീസർമാരെന്ന പേരിൽ വിന്യസിച്ചു. അതിൻെറ അടിസ്ഥാനത്തിൽ നിലവിലുണ്ടായിരുന്ന താലൂക്ക് പട്ടികജാതി ആഫീസുകൾ നിർത്തലാക്കുകയും ചെയ്തു. 5,000-നുമേൽ ജനസംഖ്യയുണ്ടായിരുന്ന ബ്ലോക്കുകളിൽ പട്ടികജാതിവികസന ആഫീസർ തസ്തിക സൃഷ്ടിച്ച് ജീവനക്കാരെ വിവിധ ബ്ലോക്കു പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നീതലങ്ങളിൽ വിന്യസിച്ചു. നിലവിൽ ജില്ല, ബ്ലോക്ക് മുനിസിപ്പൽ, കോർപ്പറേഷൻ തലങ്ങളിൽ ആകെ 155 പട്ടികജാതിവികസന ആഫീസർമാർ പ്രവർത്തിച്ചുവരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന പ്രത്യേക ഘടകപദ്ധതി വിഹിതമുപയോഗിച്ച് തയ്യാറാക്കുന്ന സാങ്കേതിക സ്വഭാവമില്ലാത്ത പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥർ പട്ടികജാതിവികസന ആഫീസർമാരാണ്. ഇത് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതി തീരുമാനത്തിന് വിധേയമാണ്. ഈ ജീവനക്കാരുടെ നിയമനാധികാരവും ഭരണപരമായ നിയന്ത്രണവും പട്ടികജാതിവികസനവകുപ്പിൽ നിക്ഷിപ്തമാണ്. എന്നാൽ സ്ഥാപനങ്ങളുടെ പദ്ധതിനടത്തിപ്പിൻെറ ഭാഗമായി അവരുടെ പ്രത്യേക ഘടകപദ്ധതി വിഹിത വിനിയോഗത്തിനായുള്ള നിർവ്വഹണോദ്യോഗസ്ഥൻ എന്ന നിലയിൽ ഇവരുടെ മേൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് നിയന്ത്രണം ഉണ്ടായിരിക്കും. |

(സി) തദ്ദേശസ്ഥാപനങ്ങൾ മുഖേന നടത്തുന്ന പദ്ധതിയുടെ പ്രവർത്തന പുരോഗതി പട്ടികജാതി വികസന വകുപ്പ് വിലയിരുത്താറുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) പട്ടികജാതി വിഭാഗങ്ങൾക്കുള്ള പദ്ധതികൾ കാര്യക്ഷമമായി നടക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിന് സംവിധാനം നിലവിലുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും ജില്ലാതലത്തിൽ വകുപ്പുകൾ മുഖേനയും നടത്തുന്ന പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾ ജില്ലാകളക്ടർമാർ അദ്ധ്യക്ഷനായുള്ള ജില്ലാവികസനസമിതികളും ജില്ലാപഞ്ചായത്ത് പ്രസിഡൻറ് അദ്ധ്യക്ഷനായുള്ള ജില്ലാ ആസൂത്രണസമിതിയും നിരീക്ഷിച്ചുവരുന്നു. സംസ്ഥാനതലത്തിൽ വകുപ്പു മന്ത്രിയും വകുപ്പു പ്രിൻസിപ്പൽ സെക്രട്ടറിയും വകുപ്പ് അദ്ധ്യക്ഷന്മാരും പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം ഇത്തരുണത്തിൽ മൂന്നു തവണ അവലോകനം ചെയ്യുകയുണ്ടായി. ഈ സാമ്പത്തികവർഷം ഡിസംബർ 5 മുതൽ 22 വരെ എല്ലാ ജില്ലകളിലും അവലോകന യോഗങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന തലത്തിൽ മോണിറ്ററിംഗ് സെല്ലും പ്രവർത്തിക്കുന്നുണ്ട്.

(ഡി) എസ്.സി.പി., ടി.എസ്.പി. ഫണ്ട് വിനിയോഗത്തിൽ ഈ സർക്കാർ വന്ന ശേഷം പുരോഗതി ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എസ്.സി.പി / ടി.എസ്.പി ഫണ്ട് വിനിയോഗത്തിൽ വ്യക്തമായ പുരോഗതി കൈവരിച്ചിട്ടുണ്ട്.

ആയതിൻെറ കണക്ക് ചുവടെ ചേർക്കും പ്രകാരമാണ്.

| *വർഷം* | *എസ്.സി.പി.* | *ടി.എസ്.പി.* |
|---|---|---|
| 2004-05 | 65.58% | 63% |
| 2005-06 | 58.49% | 70% |
| 2006-07 | 87.99% | 83% |
| 2007-08 | 97.30% | 90% |

| | | |
|---|---|---|
| (ഇ) പട്ടികവിഭാഗക്കാർക്ക് അനുവദിക്കുന്ന ഫണ്ട് ലാപ്സാകാതിരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ഇ) | പട്ടികജാതി വിഭാഗങ്ങൾക്കായുള്ള പദ്ധതി വിഹിതം ലാപ്സാകാതിരിക്കുന്നതിന് പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുകയും സമയബന്ധിതമായി തീർക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന ജില്ലാ തലങ്ങളിൽ മാസംതോറും പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തുകയും പുരോഗതി തൃപ്തികരമല്ലെങ്കിൽ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിലേയ്ക്കായി ഉചിതമായ നടപടികൾ യഥാസമയം കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്. ആയതിന്റെ പ്രതിഫലനമാണ് 2006-07 ലും 2007-08 ലും വകുപ്പുകളുടെ പദ്ധതി തുക വിനിയോഗത്തിലും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതിതുക വിനിയോഗത്തിലും വന്നിട്ടുള്ള പുരോഗതി. കൂടാതെ നടപ്പു വർഷത്തിലും ഈ പ്രവണത നിലനിർത്തുന്നതിനുവേണ്ട എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br><br>പട്ടിക വർഗ്ഗ വിഭാഗത്തിന് അനുവദിച്ചു നൽകുന്ന ഫണ്ട് ലാപ്സാകാതെ കൂടുതൽ ഫലപ്രദമായി വിനിയോഗിക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നൽകുകയും ഫണ്ടിന്റെ പ്രവർത്തന പുരോഗതിയും ഫീൽഡ് ലെവൽ വെരിഫിക്കേഷനും ക്രമമായി നടത്തുന്ന രീതിയും തുടർന്നു വരുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 396 — 17.12.2008 ൽ മറുപടിക്ക്

### ഗ്രാമസഭകൾ സജീവമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.കെ.കെ.ജയചന്ദ്രൻ | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| (എ) ഗ്രാമസഭകളിൽ പങ്കെടുക്കുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) രാഷ്ട്രീയ വൈരാഗ്യംമൂലം ഗ്രാമസഭകൾ നടത്താൻ കഴിയാതെ വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ഗ്രാമസഭ കൂടാതെ വാർഡിൽ വികസന പ്രവർത്തനങ്ങൾ നിശ്ചയിക്കുന്നത് എങ്ങനെയാണ്; | (സി) പൊതു മാനദണ്ഡങ്ങൾക്കനുസൃതമായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അർഹതാ / മുൻഗണനാ മാനദണ്ഡങ്ങൾ നിശ്ചയിച്ച് പ്രസ്തുത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമ പ്രദേശങ്ങളിൽ ഗ്രാമസഭകളും നഗര പ്രദേശങ്ങളിൽ വാർഡുസഭകളും ഗുണഭോക്താക്കളെ തെരഞ്ഞെടുത്താണ് വികസന പ്രവർത്തനങ്ങൾ നടത്തുന്നത്. ഗ്രാമസഭ മുഖേന |

(ഡി) അധികാര വികേന്ദ്രീകരണത്തിന്റെ അടിസ്ഥാനഘടകമായ ഗ്രാമസഭ സജീവമാക്കുന്നതിന് എല്ലാ രാഷ്ട്രീയ കക്ഷികളുടെയും യോഗം വിളിച്ചു കൂട്ടാൻ നടപടി സ്വീകരിക്കുമോ?

(ഡി) യാണ് വികസന പ്രവർത്തനങ്ങളുടെ മുൻഗണനാക്രമം നിശ്ചയിക്കുന്നത്. ഗ്രാമസഭകൾ സജീവമാക്കുന്നതിനായി സർക്കാർ ചുവടെ പറയും പ്രകാരം പല പരിപാടികളും ആവിഷ്കരിച്ചിട്ടുള്ളതാണ്. ഇവ രാഷ്ട്രീയ കക്ഷികളുടെ പങ്കാളിത്തത്തോടുകൂടിയും നടപ്പാക്കാവുന്നതാണ്.

മാധ്യമങ്ങളിലൂടെയും, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ജനകീയ സംഘടനകൾ, തൊഴിൽ വേദികൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവയിലൂടെയും കുടുംബശ്രീ സംഘടനാ സംവിധാനത്തിലൂടെ പ്രത്യേകമായും വേണ്ടത്ര പ്രചാരണം നൽകി സ്ത്രീകൾ, പട്ടികജാതിക്കാർ, പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ പങ്കാളിത്തം ഉറപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഊരു കൂട്ടങ്ങളുടേയും പട്ടികവർഗ്ഗ വനിതാഅയൽക്കൂട്ടങ്ങളുടേയും രൂപീകരണം വഴിയും പദ്ധതി ആസൂത്രണ പരിശീലനം ലഭിച്ച എല്ലാ ആളുകളുടെയും പ്രത്യേകിച്ച് എസ്.റ്റി. പ്രമോട്ടർമാരുടെ സേവനം ഉപയോഗിച്ചും ഊരുകൂട്ടങ്ങളിൽ കൂടുതൽ പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 397 **17.12.2008-ൽ** മറുപടിയ്ക്ക്

ആദിവാസികൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി

ചോദ്യം

ശ്രീ. കോവൂർ കുഞ്ഞുമോൻ

" എ.എ.അസീസ്

ഉത്തരം

ശ്രീ.എ. കെ. ബാലൻ

(ബഹു. പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി

| | |
|---|---|
| (എ) സംസ്ഥാനത്ത് ആദിവാസികൾക്കു വേണ്ടി ഇൻഷ്വറൻസ് പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ന് മുതലാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ; | (എ)സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരിലെ പ്രാക്തന ഗോത്രവർഗക്കാരെ മാത്രം LIC യുടെ ജനശ്രീ ബീമയോജന പദ്ധതിയിൽ ഉൾപ്പെടുത്തി ഇൻഷ്വർ ചെയ്തിട്ടുണ്ട്. 01-4-2005 മുതൽ 500 പേരെയും 1-03-2006 മുതൽ 1000 പേരെയും 1-05-2007 മുതൽ 3000 പേരെയും ഉൾപ്പെടെ ആകെ 4500 പ്രാക്തന ഗോത്ര വർഗക്കാരെ 5 വർഷത്തേക്ക് ഇൻഷ്വർ ചെയ്തിട്ടുണ്ട്. ഇതിനു പുറമെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആദിവാസികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്ന സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) ഈ ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ എന്തെല്ലാമാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) പട്ടികവർഗ്ഗ വിഭാഗത്തിലെ പ്രാക്തന ഗോത്രവർഗ്ഗക്കാരായ കൊറഗ, ചോലനായ്ക്കൻ, കാട്ടുനായ്ക്കൻ, കാടർ, കുറുമ്പർ എന്നീ വിഭാഗങ്ങളിലെ 18 വയസിനു മുകളിലും 60 വയസ്സിനും താഴെയുള്ള വ്യക്തികളെയാണ് ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തിട്ടുള്ളത്. (ഒരു കുടുംബത്തിലെ ഒരാൾ എന്ന നിരക്കിൽ) ഇങ്ങനെ ഇൻഷ്വർ ചെയ്ത വ്യക്തിക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.<br><br>(i) അംഗത്തിന് മരണം സംഭവിക്കുന്ന പക്ഷം ഇൻഷ്വർ ചെയ്ത തുകയായ 30,000/- രൂപ നാമനിർദ്ദേശം ചെയ്യപ്പെട്ട വ്യക്തിക്ക് ലഭിക്കും.<br><br>(ii)അപകടം മൂലമുള്ള മരണം സംഭവിക്കുന്ന |

| | |
|---|---|
| | പക്ഷം 75,000/- രൂപ നാമനിർദ്ദേശം ചെയ്യപ്പെട്ട വ്യക്തിക്ക് ലഭിക്കും.<br><br>(iii) ഇൻഷ്വർ ചെയ്ത വ്യക്തിക്ക് അപകടം മൂലമുള്ള സ്ഥിരവും പൂർണ്ണവുമായ അംഗവൈകല്യം സംഭവിക്കുകയാണെങ്കിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട വ്യക്തിക്ക് 75,000/- രൂപ ലഭിക്കും.<br><br>(iv) ഇൻഷ്വർ ചെയ്ത വ്യക്തിക്ക് അപകടം മൂലം രണ്ട് കണ്ണുകളോ രണ്ട് കൈയ്യോ കാലോ നഷ്ടപ്പെട്ടാൽ നാമനിർദ്ദേശം ചെയ്യപ്പെട്ട വ്യക്തിക്ക് 75,000/- രൂപ ലഭിക്കും.<br><br>(v) ഇൻഷ്വർ ചെയ്ത വ്യക്തിക്ക് അപകടത്തിൽ ഭാഗികവും സ്ഥിരവുമായ അംഗവൈകല്യം സംഭവിക്കുകയാണെങ്കിൽ നാമ നിർദ്ദേശം ചെയ്യപ്പെട്ട വ്യക്തിക്ക് 37,500/- രൂപ ലഭിക്കും.<br><br>(vi) ഇൻഷ്വർ ചെയ്ത വ്യക്തി ക്ക് ഒരു കണ്ണ് അല്ലെങ്കിൽ ഒരു കൈയ്യോ കാലോ നഷ്ടപ്പെട്ടാൽ നാമനിർദ്ദേശം ചെയ്യപ്പെട്ട വ്യക്തിക്ക് 37,500/- രൂപ ലഭിക്കും.<br><br>(vii) ഇൻഷ്വർ ചെയ്ത കുടുംബത്തിലെ 9,10.11.12 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മൂന്ന് മാസത്തിലൊരിക്കൽ 300/- രൂപ നിരക്കിൽ ഓരോ വർഷവും 1200/- രൂപ വീതം സ്കോളർഷിപ്പ് ലഭിക്കും. |
| (സി) ഈ പദ്ധതി ആരംഭിച്ചതിന് ശേഷം, ഏതെല്ലാം ഇനങ്ങളിലായി, എത്ര ആദിവാസികൾക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | (സി) ഇൻഷ്വർ ചെയ്ത വ്യക്തികളിൽ 13 പേർക്ക് മരണപ്പെട്ടവർക്കുള്ള ആനുകൂല്യം ലഭിക്കുകയും 256 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ഇനത്തിൽ ആനുകൂല്യം ലഭിക്കുകയും ചെയ്തിട്ടുണ്ട്. 2008 ഒക്ടോബർ 31-ാം തീയതിവരെ 18028 പേർക്ക് 1,41,00,314/- രൂപ സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: * 398. 17.12.2008 ന് മറുപടിയ്ക്ക്

### ഡിസൈൻ ഇൻസ്റ്റിറ്റ്യൂട്ട്

| ചോദ്യം. | ഉത്തരം |
|---|---|
| ശ്രീ. പി. വിശ്വൻ:<br>ശ്രീ. മഞ്ഞളാംകുഴി അലി:<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ:<br>ശ്രീ. പി.ടി. എ. റഹിം:<br>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) തൊഴിൽ വകുപ്പിന്റെ കീഴിൽ ആരംഭിച്ച ഡിസൈൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (എ) നമ്മുടെ പരമ്പരാഗത കരകൗശല മേഖലയുടെ വളർച്ചയ്ക്കും വികസനത്തിനും പര്യാപ്തമായ നവീകരണ പ്രക്രിയ വഴി കരകൗശല രംഗത്ത് പ്രവർത്തിക്കുന്നവരുടെ തൊഴിൽ വൈദഗ്ധ്യം മെച്ചപ്പെടുത്തുക, ഉൽപ്പന്നങ്ങളുടെ രൂപകൽപ്പനയിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുക, ഗുണമേന്മയുള്ള ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനാവശ്യമായ പശ്ചാത്തലമൊരുക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ എന്ന സ്ഥാപനം ആരംഭിച്ചിട്ടുള്ളത്. |
| (ബി) കരകൗശല മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് ആധുനിക ഡിസൈൻ സംബന്ധിച്ച് പരിശീലനം നൽകുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുമോ; | (ബി) പരിശീലന പരിപാടികൾ ഇപ്പോൾതന്നെ നടപ്പിലാക്കിവരുന്നു. |
| (സി) കരകൗശല മേഖലയിൽ അന്യം നിന്നുപോകുന്ന വൈദഗ്ധ്യം പുതുതലമുറകളിലേക്ക് പ്രചരിപ്പിക്കാൻ ഉതകുന്ന പദ്ധതികൾ ആവിഷ്ക്കരിക്കുമോ; | (സി) ഈ ലക്ഷ്യത്തോടെയാണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പദ്ധതികൾ ഡിസൈൻ ചെയ്തുവരുന്നത്. |
| (ഡി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ആധുനിക ഡിസൈനുകളുടെ പ്രദർശനമേളകൾ സംഘടിപ്പിക്കുമോ? | (ഡി) ഭാവിയിൽ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നു. |

S. Malathy

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

| | |
|---|---|
| **നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 399** | **17.12.2008 ൽ മറുപടിയ്ക്ക്** |

## പൊതുശ്മശാനങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.സി.എം.ദിനേശ് മണി<br>ശ്രീമതി.ജെ.അരുന്ധതി<br>ശ്രീ.ബി.രാഘവൻ<br>ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.എസ്.രാജേന്ദ്രൻ | | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി) |
| (എ) | പൊതുശ്മശാനങ്ങൾ നിർമ്മിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) | പൊതു ശ്മശാനം ഇല്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പൊതു ശ്മശാനം നിർമ്മിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുവാൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് 507 ഗ്രാമപഞ്ചായത്തുകളിലും 45 നഗരസഭകളിലുമാണ് പൊതു ശ്മശാനം നിലവിലുള്ളത്. കേരള പഞ്ചായത്ത് രാജ് മുനിസിപ്പൽ ആക്ടുകൾ പ്രകാരം ശവപറമ്പുകളും ശ്മശാനങ്ങളും സ്ഥാപിക്കുകയും സംരക്ഷിക്കുകയും ചെയ്യേണ്ടത് ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭകളുടെയും അനിവാര്യ ചുമതലകളാണ് . എന്നാൽ പ്രസ്തുത അനിവാര്യ ചുമതലകൾ നിറവേറ്റുന്നതിൽ യഥാസമയം നടപടികൾ കൈക്കൊള്ളാതെ വന്ന സാഹചര്യത്തിൽ 11-ാം പഞ്ചവത്സര പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 14/5/07-ലെ ജി.ഒ (എം.എസ്) നമ്പർ. 128/07/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗ നിർ |

പ്രദേശങ്ങളിൽ പൊതു ശ്മശാനം നിർമ്മിക്കാനുള്ള പദ്ധതി നിർബന്ധമായും ഏറ്റെടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 2006-07 വർഷത്തിൽ പൊതു ശ്മശാനങ്ങൾ നിലവിലില്ലാത്ത 45 ഗ്രാമപഞ്ചായത്തുകൾക്ക് ശ്മശാനം നിർമ്മിക്കുന്നതിനായി ഒരു ലക്ഷം രൂപ വീതം ധനസഹായം അനുവദിച്ച് നൽകുകയുണ്ടായി. ഈ ഗ്രാമപഞ്ചായത്തുകളിൽ ശ്മശാനം നിർമ്മിക്കാനുള്ള നടപടികൾ നടന്നുവരുന്നു. 2008-09 സാമ്പത്തിക വർഷത്തിൽ 50 ഗ്രാമ പഞ്ചായത്തുകൾക്ക് പൊതു ശ്മശാനം നിർമ്മിക്കുന്നതിനായി 2 ലക്ഷം രൂപ വീതം ധനസഹായം അനുവദിക്കുന്നതിനുള്ള തുക ബഡ്ജറ്റ് ഹെഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ തുക അർഹരായ ഗ്രാമപഞ്ചായത്തുകൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) എല്ലാപഞ്ചായത്തുകളിലും ശ്മശാനങ്ങൾ നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ട്.

(സി) ശ്മശാനമില്ലാത്ത എത്രപഞ്ചായത്തുകൾ സംസ്ഥാനത്ത് ഉണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) പൊതു ശ്മശാനം നിലവിലില്ലാത്ത 492 ഗ്രാമപഞ്ചായത്തുകൾ സംസ്ഥാനത്ത് നിലവിലുണ്ട്.

(ഡി) പൊതുശ്മശാനങ്ങൾ നിർമ്മിക്കുന്നതിനായി പഞ്ചായത്തുകൾക്ക് അനുവദിച്ചിട്ടുള്ള രണ്ടു ലക്ഷം രൂപ തീരെ അപര്യാപ്തമായതിനാൽ തുക വർദ്ധിപ്പിച്ച് നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) പൊതു ശ്മശാനങ്ങൾ നിർമ്മിക്കേണ്ടത് ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. സർക്കാർ നൽകുന്ന രണ്ടു ലക്ഷം രൂപ ഇതിനുള്ള ഒരു പ്രോത്സാഹനം മാത്രമാണ്. ബാക്കി ആവശ്യമായി വരുന്ന തുക തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വികസന ഫണ്ട്, ജനറൽ പർപ്പസ് ഫണ്ട്, തനത് ഫണ്ട് എന്നിവയിൽ നിന്നും ചെലവഴിച്ച് പൊതു ശ്മശാന നിർമ്മാണം പൂർത്തിയാക്കാവുന്നതാണ്.

---

| | | | |
|---|---|---|---|
| (ഇ) | പൊതുശ് മശാനങ്ങൾ മതിൽകെട്ടി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ: | (ഇ) | പൊതു ശ്മശാനങ്ങൾ മതിൽകെട്ടി സംരക്ഷിക്കുന്നതിനുള്ള മതിയായ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (എഫ്) | എല്ലാ നഗരസഭകളിലും വൈദ്യുതി ശ് മശാനം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമേ? | (എഫ്) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 400 — 17-12-08 ൽ മറുപടിക്ക്

### എക്സൈസ് വകുപ്പിന്റെ നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സാജു പോൾ<br>ശ്രീ. കെ. വി. കുഞ്ഞിരാമൻ<br>ശ്രീ. എം.എം.മോനായി<br>ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. പി.ടി.എ.റഹീം | ശ്രീ. പി.കെ.ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) എക്സൈസ് വകുപ്പിന്റെ നവീകരണത്തിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | എ) എക്സൈസ് വകുപ്പിന്റെ നവീകരണവുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പിലാക്കുന്നതിനായി മോഡണൈസേഷൻ ഓഫ് എക്സൈസ് ഡിപ്പാർട്ട്മെന്റ് എന്ന സെക്ഷൻ എക്സൈസ് കമ്മീഷണറേറ്റിൽ രൂപീകരിച്ചിട്ടുള്ളതും ടി സെക്ഷനിൽ മോഡണൈസേഷൻ ഓഫ് എക്സൈസ് ഡിപ്പാർട്ട്മെന്റ് എന്ന ശീർഷകത്തിൽ ബഡ്ജറ്റിൽ അനുവദിക്കുന്ന ഫണ്ടിനുള്ള പദ്ധതികൾ അതാത് വർഷം നടപ്പിലാക്കിവരുന്നതുമാണ്. എക്സൈസ് വകുപ്പിന്റെ നവീകരണത്തിന്റെ ഭാഗമായി എക്സൈസ് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി പുതിയ 11 റേഞ്ചാഫീസുകൾ ആരംഭിക്കുകയും അധിക തസ്തികകൾ അനുവദിച്ച് മേജർ എക്സൈസ് ചെക്ക്പോസ്റ്റുകൾ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാരുടെ മേൽനോട്ടത്തിലാക്കുകയും എക്സൈസ് ജില്ലാതല ആഫീസുകളുടെ ചുമതല ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരുടെ മേൽനോട്ടത്തിലാക്കുകയും ചെയ്തു. എക്സൈസ് എൻഫോഴ്സ്മെന്റ് പ്രവർത്തന |

| | | | |
|---|---|---|---|
| | | | ങ്ങൾക്കായി ഫീൽഡ് ആഫീസുകളിൽ ഉപയോഗിച്ചു വന്ന 10 വർഷത്തിനുമേൽ പഴക്കം ചെന്ന വാഹനങ്ങൾ മാറ്റി പുതിയ വാഹനങ്ങൾ അനുവദിക്കുന്നതിന്റെ ഭാഗമായി 74 പുതിയ മഹേന്ദ്രാ ജീപ്പുകൾ വാങ്ങി ഫീൽഡ് ആഫീസുകൾക്ക് അനുവദിച്ചിട്ടുമുണ്ട്. നവീകരണത്തിന്റെ ഭാഗമായി എക്സൈസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമം ആക്കുന്നതിനായി എക്സൈസ് സർക്കിൾ ആഫീസുകൾ വരെയുള്ള ഓഫീസുകളിൽ കമ്പ്യൂട്ടറുകൾ അനുവദിച്ചിട്ടുണ്ട്. |
| ബി) | എക്സൈസ് വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് ആധുനിക ഉപകരണങ്ങൾ നൽകാൻ നടപടി സ്വീകരിക്കുമോ ; | ബി) | എക്സൈസ് വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് ആധുനിക ഉപകരണങ്ങൾ അനുവദിക്കുന്നതിന്റെ ഭാഗമായി എക്സൈസ് ഉദ്യോഗസ്ഥർക്ക് മൊബൈൽഫോണുകൾ, പിസ്റ്റളുകൾ എന്നിവ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി) | എക്സൈസ് ഉദ്യോഗസ്ഥർക്ക് സായുധ പരിശീലനം നൽകുന്നുണ്ടോ ; | സി) | എക്സൈസ് വകുപ്പിൽ എക്സൈസ് പ്രിവന്റീവ് ഓഫീസർ വരെയുള്ള മുഴുവൻ ഉദ്യോഗസ്ഥർമാർക്കും കായിക പരിശീലനവും അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥർക്ക് സായുധ പരിശീലനവും നൽകിവരുന്നു. |
| ഡി) | കാലാനുസൃതമായി പരിഷ്ക്കരിച്ച പരിശീലനപദ്ധതികൾ എക്സൈസ് വകുപ്പിൽ നടപ്പാക്കുമോ ? | ഡി) | കാലാനുസൃതമായി പരിഷ്ക്കരിച്ച പരിശീലന പദ്ധതികൾ എക്സൈസ് വകുപ്പിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

* നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 401 — 17.12.2008-ൽ മറുപടിക്ക്

വ്യവസായബന്ധ സമിതികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എൻ. രാജൻ<br>ശ്രീ. വി. എസ്. സുനിൽ കുമാർ<br>ശ്രീ. എ. കെ. ചന്ദ്രൻ<br>ശ്രീ. കെ. അജിത്<br>ശ്രീ. ബാബു പോൾ | | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പിന്റെ കീഴിൽ എത്ര വ്യവസായ ബന്ധ സമിതികൾ രൂപീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | തൊഴിൽ വകുപ്പിന്റെ കീഴിൽ പതിമൂന്നു (13) വ്യവസായ ബന്ധ സമിതികൾ നിലവിലുണ്ട്. |
| (ബി) ഇവ ഏതെല്ലാം മേഖലകളിലാണ് പ്രവർത്തിക്കുന്നത്; | (ബി) | തോട്ടം, കശുവണ്ടി, കയർ, ടെക്സ്റ്റൈൽ, കള്ളു ചെത്ത്, മോട്ടോർ, കുട്ടനാട് കാർഷിക മേഖല, പത്രപ്രവർത്തനം എന്നീ മേഖലകൾക്കായി നിലവിൽ വ്യവസായ ബന്ധസമിതികൾ പ്രവർത്തിക്കുന്നു. വ്യവസായ ബന്ധ സമിതികളുടെ ഉന്നത സമിതിയെന്ന നിലയിൽ ഇൻഡസ്ട്രിയൽ റിലേഷൻസ് ബോർഡും പ്രവർത്തിക്കുന്നു. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സമിതികൾ പുനഃസംഘടിപ്പിച്ചു; ഏതെല്ലാം; ഇനി പുനഃസംഘടിപ്പിക്കാനുള്ള സമിതികൾ ഏതെല്ലാം; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഏഴു സമിതികൾ പുനഃസംഘടിപ്പിച്ചു. അവ തോട്ടം, കശുവണ്ടി, കയർ, ടെക്സ്റ്റൈൽ, കള്ളു ചെത്ത്, മോട്ടോർ, കുട്ടനാട് കാർഷിക മേഖല എന്നിവയ്ക്കായുള്ള സമിതികളാണ്. കൂടാതെ പത്രപ്രവർത്തന മേഖലയിലെ സമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ഓട്, നിർമ്മാണ തൊഴിലാളി, ടിമ്പർ - പ്ലൈവുഡ്, ബീഡി ആന്റ് സിഗാർ, പാലക്കാട് കാർഷികം എന്നീ മേഖലകളിലെ സമിതികളാണ് പുനഃസംഘടിപ്പിക്കാനുള്ളത്. |
| (ഡി) വ്യവസായബന്ധ സമിതികൾ രൂപീകരിക്കേണ്ട മേഖലകളുണ്ടോ; ഉണ്ടെങ്കിൽ ആ മേഖലകൾ ഏതെല്ലാം; ഈ സമിതികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ? | (ഡി) | ആവശ്യകത കണക്കിലെടുത്ത് വ്യവസായ ബന്ധ സമിതികൾ രൂപീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ആഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം : 402      17-12-2008-ൽ മറുപടിക്ക്

### കേരളത്തിന് 'റീപ്പി' ൽ സ്ഥിരപങ്കാളിത്തം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. യു. സി. രാമൻ<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി | | ശ്രീ. എ. കെ. ബാലൻ<br>(പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി) |
| (എ) കേരളത്തിന് 'റീപ്പി' ൽ (റിന്യൂവബിൾ എനർജി ആൻറ് എനർജി എഫിഷ്യൻസി പ്പാർട്ട്നർഷിപ്പ്) സ്ഥിരപങ്കാളിത്തം അനുദിക്കാൻ ധാരണ ആയിട്ടുണ്ടോ; | എ. | 2008 സെപ്തംബറിൽ വൈദ്യുതി വകുപ്പുമന്ത്രിയും സംഘവും ആസ്ട്രിയയിൽ REEP(Renewable Energy and Eneregy Efficiency Partnership) ആസ്ഥാനത്ത് നടന്ന ചർച്ചകളിൽ കേരളത്തിന് REEP ൽ അംഗത്വം നേടുന്നതിനുവേണ്ടിയുള്ള ചർച്ചകൾ നടത്തി ധാരണയായിട്ടുണ്ട്. അതിനായി REEP ൽ അംഗത്വം നേടുന്നതിനുവേണ്ടിയുള്ള നടപടികൾക്കായി ഊർജ്ജ വകുപ്പ് സംസ്ഥാന എനർജി മാനേജ്മെൻറ് സെൻററിനെ ഏല്പിക്കുകയും അതനുസരിച്ച് ഇ. എം. സി. കേരള സർക്കാരിനു വേണ്ടി അംഗത്വത്തിനുള്ള അപേക്ഷ REEP ലേക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) എങ്കിൽ ഇതു മുഖേന സംസ്ഥാനത്തിൻെറ ഊർജ്ജമേഖലയ്ക്ക് എന്തൊക്കെ നേട്ടങ്ങൾ ഭാവിയിൽ ലഭ്യമാകുമെന്ന് വിശദമാക്കുമോ ? | ബി. | കേരളത്തിൽ നിന്നും ഊർജ്ജ സംരക്ഷണത്തിനും പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ വികസനത്തിനും വേണ്ടിയുള്ള പ്രപ്പോസലുകൾ തയ്യാറാക്കുന്നതിനും അവ വിലയിരുത്തുന്നതിനും വേണ്ടിയുള്ള സാങ്കേതിക സാമ്പത്തിക സഹായം നൽകാമെന്ന കാര്യത്തിൽ REEP മായി ധാരണയിൽ എത്തിയിട്ടുണ്ട്. മുൻകാലങ്ങളിൽ REEP ൽ പദ്ധതികൾ സമർപ്പിച്ചിരുന്നത് അതിൻെറ ഇന്ത്യയിലെ നോഡൽ ഏജൻസിയായ The Energy Resource Institute (TERI) മുഖേനയായിരുന്നു. എന്നാൽ കേരളം REEP ൽ അംഗത്വം നേടുന്നതോടുകൂടി നമുക്ക് നേരിട്ട് REEP ൽ പദ്ധതികൾ സമർപ്പിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:403 17-12-2008 ൽ മറുപടിക്ക്

### അനുമതി ലഭിച്ചിട്ടും പണി ആരംഭിക്കാത്ത പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, കെ. ബാബു | ശ്രീ. എ.കെ. ബാലൻ<br>(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) കേന്ദ്രത്തിന്റെ എല്ലാവിധ അനുമതിയും ലഭിച്ചിട്ടും പണി ആരംഭിക്കാത്ത ഏതെല്ലാം വൈദ്യുത പദ്ധതികൾ നിലവിലുണ്ട്; | (എ) (i) അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി<br>(ii) തോട്ടിയാർ ജലവൈദ്യുത പദ്ധതി<br>(iii) ചെങ്കുളം ഓഗ്മെന്റേഷൻ ജലവൈദ്യുത പദ്ധതി |
| (ബി) അവയുടെ സ്ഥാപിതശേഷി എത്രവീതമാണ്; | (ബി) (i) 163 മെഗാവാട്ട്<br>(ii) 40 മെഗാവാട്ട്<br>(iii) 85 മില്യൺ യൂണിറ്റ് |
| (സി) ഇവയുടെ പണി ആരംഭിക്കാതിരുന്നതെന്തുകൊണ്ടാണ്; | (സി) (i) അതിരപ്പിള്ളി പദ്ധതിയുടെ നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ ബഹു: ഹൈക്കോടതി അസാധുവാക്കി. ഇതിനെതിരെ ബോർഡ് സമർപ്പിച്ച അപ്പീലും കൂടാതെ പരിസ്ഥിതി സംബന്ധമായ രണ്ടു പൊതു താല്പര്യഹർജികളും ഹൈക്കോടതിയുടെ പരിഗണനയിലാണ്. അന്തിമ വിധി വന്നിട്ടില്ലാത്തതിനാൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകാൻ സാധിച്ചിട്ടില്ല.<br>(ii) തോട്ടിയാർ പദ്ധതിയുടെ ടെണ്ടറുകളുടെ മൂല്യനിർണ്ണയത്തിനു ശേഷം വിശദമായ വർക്ക് ഓർഡർ കരാറുകാരന് നൽകിയിട്ടുണ്ട്. തുടർനടപടികൾ നടന്നു വരുന്നു.<br>(iii) ചെങ്കുളം ഓഗ്മെന്റേഷൻ പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾക്കായുള്ള ടെണ്ടർ ക്ഷണിച്ചെങ്കിലും വ്യവസ്ഥകളിലെ ചില പോരായ്മകൾ മൂലം ടെണ്ടർ നടപടികൾ റദ്ദാക്കുകയുണ്ടായി. പുതുക്കിയ വ്യവസ്ഥകൾ ഉൾപ്പെടുത്തി വീണ്ടും ടെണ്ടർ ചെയ്തിട്ടുണ്ട്. ഇതിന്റെ പ്രീ-ക്വാളിഫിക്കേഷൻ ബിഡ്ഡുകളുടെ മൂല്യനിർണ്ണയം നടന്നു വരുന്നു. |
| ഡി) അനുമതി ലഭിച്ച പദ്ധതികളുടെ പണിയാരംഭിച്ച് കൂടുതൽ വൈദ്യുതി ഉല്പാദിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | ഡി) കേന്ദ്രാനുമതി ലഭിച്ച തോട്ടിയാർ, ചെങ്കുളം ഓഗ്മെന്റേഷൻ എന്നീ പദ്ധതികളുടെ പണിയാരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 404 17.12.2008-ൽ മറുപടിയ്ക്ക്

അധിക കേന്ദ്ര സഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്.രാജേന്ദ്രൻ<br>" സി. കെ. സദാശിവൻ<br>" എം.കെ.പുരുഷോത്തമൻ<br>" കെ.സി.കുഞ്ഞിരാമൻ<br>" ടി.പി.കുഞ്ഞുണ്ണി | ശ്രീ.എ. കെ. ബാലൻ<br>(ബഹു. പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി) |
| (എ)പട്ടികജാതിക്കാരുടെക്ഷേമത്തിനായി അധിക കേന്ദ്ര സഹായം ലഭിക്കുന്നതിനായി എന്തെങ്കിലും പുതിയ പദ്ധതികൾ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ)പട്ടികജാതിക്കാരിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന വേടൻ, നായാടി, കള്ളാടി, അരുന്ധതിയാർ/ചക്ളിയാൻ എന്നീ സമുദായക്കാരുടെ സമഗ്ര ഉന്നമനത്തിനും പുനരധിവാസത്തിനും ലക്ഷ്യമിട്ടുകൊണ്ട് 17.50 കോടി രൂപയുടെ ഒരു പ്രോജക്ട് പ്രപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. ഇതിൽ 9.32 കോടി രൂപ അധിക കേന്ദ്ര സഹായമായി അനുവദിച്ചിട്ടുണ്ട്. |
| (ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന് അധിക കേന്ദ്രസഹായമായി എത്ര തുക അനുവദിച്ചു കിട്ടി; അതിൽ എത്ര തുക കഴിഞ്ഞ സർക്കാർ ചെലവഴിച്ചു; | (ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പട്ടിക ജാതി/പട്ടിക വർഗ്ഗ വികസനത്തിനായി ആകെ 88.53 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഇതിൽ നിന്നും മുൻ സർക്കാരിന്റെ കാലത്ത് 23.7 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) അധിക കേന്ദ്രസഹായമായി ലഭിച്ച തുകയിൽ ഈ സർക്കാർ എത്ര തുക ചെലവഴിച്ചു; മിച്ചമുള്ള തുക ഈ വർഷം തന്നെ ചെലവഴിക്കാൻ നടപടി സ്വീകരിക്കുമോ എന്ന്വ്യക്തമാക്കാമോ ? | (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പട്ടികജാതി/പട്ടിക വർഗ്ഗക്കാരുടെ ക്ഷേമത്തിനായി അധിക കേന്ദ്രസഹായമായി ലഭിച്ച തുകയിൽ നിന്നും 2008 മാർച്ച് വരെ 42.96 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. മിച്ചമുള്ള തുക ഈ വർഷം തന്നെ ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ . 405** 17/12/2008-ൽ മറുപടിക്ക്

## പട്ടികജാതി - പട്ടികവർഗ്ഗ കമ്മീഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കെ. പി. പത്മനാഭൻ:<br>ശ്രീ.ബി.രാഘവൻ | **ശ്രീ.എ.കെ.ബാലൻ**<br>പിന്നോക്ക പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി. |
| (എ) കേന്ദ്ര പട്ടികജാതി - പട്ടികവർഗ്ഗ കമ്മീഷന്റെ മാതൃകയിൽ പട്ടികജാതിക്കാരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിന് സംസ്ഥാനത്ത് കമ്മീഷൻ രൂപീകരിച്ചിട്ടുണ്ടോ; | (എ) കേരള സംസ്ഥാന പട്ടികജാതി പട്ടികഗോത്ര വർഗ്ഗ കമ്മീഷൻ ആക്ട് 2007 (20 of 2007) അനുസരിച്ച് പട്ടികജാതി പട്ടികഗോത്ര വർഗ്ഗ കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ കമ്മീഷൻ എന്തെല്ലാം കാര്യങ്ങളാണ് പരിശോധിക്കുന്നത്; | (ബി) (1) കേരളത്തിലെ പട്ടികജാതികളുടെയും പട്ടികഗോത്ര വർഗ്ഗങ്ങളുടെയും ക്ഷേമത്തിനും സംരക്ഷണത്തിനും വേണ്ടി ഇന്ത്യൻ ഭരണഘടനയിലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൻ കീഴിലോ സർക്കാരിന്റെ ഏതെങ്കിലും ഉത്തരവിൻ കീഴിലോ, വ്യവസ്ഥ ചെയ്തിട്ടുള്ള വിവിധമായ സംരക്ഷണ വ്യവസ്ഥകളുടെ പ്രവർത്തനരീതി അന്വേഷിക്കുകയും പരിശോധിക്കുകയും ചെയ്യുക; |

(2)

(2) കേരളത്തിലെ പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും ഉള്ള അവകാശങ്ങളും സംരക്ഷണ വ്യവസ്ഥകളും നിഷേധിച്ചതിനെപ്പറ്റി എടുത്തുപറയുന്ന പരാതികളിന്മേൽ അന്വേഷണം നടത്തുകയും അത്തരം കാര്യങ്ങൾ ഉചിതമായ അധികാര സ്ഥാനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്യുക;

(3) പട്ടികജാതികളുടെയും പട്ടിക ഗോത്രവർഗ്ഗങ്ങളുടെയും സാമൂഹിക സാമ്പത്തിക വികസനത്തിനുള്ള ആസൂത്രണ നടപടികളിൽ പങ്കെടുക്കുകയും ഉപദേശിക്കുകയും സംസ്ഥാനത്ത് അവരുടെ വികസനത്തിൽ ഉണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തുകയും ചെയ്യുക;

(4) പട്ടികജാതികളുടെയും പട്ടിക ഗോത്രവർഗ്ഗങ്ങളുടെയും സംരക്ഷണത്തിനും ക്ഷേമത്തിനും സാമൂഹിക-സാമ്പത്തിക പുരോഗതിക്കും ആവശ്യമായ സംരക്ഷണ വ്യവസ്ഥകളും മറ്റ് നടപടികളും ഫലവത്തായി നടപ്പാക്കുന്നതിനുവേണ്ടി സർക്കാർ കൈക്കൊള്ളേണ്ടതായ നടപടികളെ സംബന്ധിച്ച് ശുപാർശകൾ നൽകുകയും സർക്കാരിന്, വാർഷികമായോ കമ്മീഷൻ യുക്തമെന്ന് കരുതുന്ന പ്രകാരമുള്ള മറ്റ് സമയങ്ങളോ, റിപ്പോർട്ട് നൽകുകയും ചെയ്യുക.

(5) പട്ടികജാതികളുടെയും പട്ടിക ഗോത്ര വർഗ്ഗങ്ങളുടെയും സംരക്ഷണവും ക്ഷേമവും വികസനവും ഉന്നമനവുമായി ബന്ധപ്പെട്ട് നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കുക.

എന്നാൽ, ഈ വകുപ്പിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും കാര്യം ഇന്ത്യൻ ഭരണ ഘടനയുടെ 338-ാം അനുച്ഛേദത്തിൻ കീഴിൽ സ്ഥാപിച്ചിട്ടുള്ള, പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും വേണ്ടിയുള്ള ദേശീയ കമ്മീഷൻ കൈകാര്യം ചെയ്യുന്നുണ്ടെങ്കിൽ, അങ്ങനെയുള്ള കാര്യത്തിൽ പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കുംവേണ്ടിയുള്ള സംസ്ഥാന കമ്മീഷന് അധികാരിത ഇല്ലാതായിരിക്കുന്നതാണ്.

| | |
|---|---|
| (സി) കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ശുപാർശകൾ വ്യക്തമാക്കുമോ; | (സി) കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| (ഡി) പട്ടികജാതിക്കാരുടെ ക്ഷേമത്തിനായി ഈ സർക്കാർ ഇതിനകം കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്; | (ഡി) വിദ്യാഭ്യാസ് പരിപാടികൾ, സാമ്പത്തിക വികസന പരിപാടികൾ സാമൂഹിക ഉന്നമന പരിപാടികൾ, ക്ഷേമപദ്ധതികൾ തുടങ്ങിയ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. |

(..4)

| | | | |
|---|---|---|---|
| (ഇ) | പട്ടികവിഭാഗക്കാർക്ക് ഉന്നത വിദ്യാഭ്യാസ രംഗത്ത് അവസരങ്ങൾ നഷ്ടപ്പെടുന്നത് തടയുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ? | (ഇ) | പട്ടികവിഭാഗക്കാർക്ക് ഉന്നത വിദ്യാഭ്യാസരംഗത്ത് നിലവിലുള്ള അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

# പന്ത്രണ്ടാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 406

17.12.2008-ൽ
മറുപടിയ്ക്ക്

### അട്ടപ്പാടി പരിസ്ഥിതി പുന:സ്ഥാപന പദ്ധതിയുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ചന്ദ്രൻ<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.കെ.കെ.ദിവാകരൻ<br>ശ്രീ.എം.ഹംസ<br>ശ്രീമതി.കെ.എസ്.സലീഖ | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി) |
| (എ) തദ്ദേശസ്വയംഭരണ വകുപ്പ് നടപ്പാക്കുന്ന അട്ടപ്പാടി പരിസ്ഥിതി പുന:സ്ഥാപന പദ്ധതിയുടെ പ്രവർത്തനം വിശദമാക്കുമോ ; | (എ) 745 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണം വരുന്ന അട്ടപ്പാടി ബ്ലോക്കിലെ പരിസ്ഥിതി പുന:സ്ഥാപനവും സുസ്ഥിര ജീവനോപാധിയും (പ്രത്യേകിച്ചും പട്ടിക വർഗ്ഗക്കാരുടെ) ലക്ഷ്യം വെച്ച് പ്രവർത്തിക്കുന്ന സ്ഥാപനമാണ് അട്ടപ്പാടി പരിസ്ഥിതി പുന:സ്ഥാപന പദ്ധതി. വനം - തരിശുഭൂമിയിലെ വനവൽക്കരണം, സ്വകാര്യ തരിശുഭൂമിയിലെ കാർഷിക വനവൽക്കരണം, മണ്ണ് - ജലസംരക്ഷണ പ്രവർത്തനം, സമ്പൂർണ്ണ ഊര് വികസന പരിപാടി, ആരോഗ്യ വിദ്യാഭ്യാസ മേഖലയിലെ പശ്ചാത്തല സൗകര്യ വികസനം, സുസ്ഥിര ജീവനോപാധി വികസനം, കലാകായിക വികസനം, ഗോത്ര വൈദ്യ പരിപോഷണം എന്നിവയാണ് പദ്ധതിയുടെ ഭാഗമായിട്ടുള്ള പ്രവർത്തനങ്ങൾ. കൂടാതെ ഗോത്ര സമൂഹത്തിന്റെ സമഗ്ര വികസന ലക്ഷ്യം വച്ചുകൊണ്ട് ഭവന സുരക്ഷ ഉൾപ്പെടെ 13 വികസന ഘടകങ്ങൾ അടങ്ങുന്ന സമ്പൂർണ്ണ ഊരു വികസന പരിപാടിയും നടപ്പാക്കുന്നുണ്ട്. |

---

| | | |
|---|---|---|
| (ബി) | ഈ പദ്ധതിയുടെ പ്രവർത്തനം കൊണ്ട് പിന്നോക്ക പ്രദേശമായ അട്ടപ്പാടിയിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ ; | (ബി) തരിശായിക്കിടന്ന 11000 ഹെക്ടർ വനഭൂമിയിൽ മരങ്ങൾ വെച്ചു പിടിപ്പിച്ചു, 5000-ത്തോളം ഹെക്ടർ സ്വകാര്യ തരിശുഭൂമിയിലെ കാർഷിക പ്രവൃത്തികൾ പൂർത്തീകരിച്ചു. 16000-ത്തോളം ഹെക്ടർ പ്രദേശത്ത് മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയുണ്ടായി. ഇതുമൂലം കാലങ്ങളായി വറ്റിക്കിടക്കുന്ന നീർച്ചാലുകൾ പുനരുജ്ജീവിപ്പിക്കുന്നതിനും ഭൂഗർഭ ജലവിതാനം ഉയരുന്നതിനും സഹായിച്ചിട്ടുണ്ട്. സമ്പൂർണ്ണ ഊര് വികസന പരിപാടിയുടെ ഭാഗമായി 1253 വീടുകളുടെ നിർമാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും അതിൽ 700-ഓളം വീടുകളുടെ നിർമാണ പ്രവർത്തനം പൂർത്തീകരിക്കുകയും ശേഷിച്ചവയുടെ നിർമാണ പ്രവർത്തനങ്ങൾ ത്വരിത ഗതിയിൽ നടന്നു വരുകയും ചെയ്യുന്നു. പുതൂർ പഞ്ചായത്തിനെ അട്ടപ്പാടിയിലെ വിവിധ മേഖലകളുമായി ബന്ധിപ്പിക്കുന്ന ചാവടിയൂർ പാലത്തിന്റെ പണി പൂർത്തീകരിച്ചു. അഗളി, ഷോളയൂർ, പുതൂർ സ്കൂളുകളിലെ ലൈബ്രറി കെട്ടിടങ്ങൾ, കാവുണ്ടിക്കൽ ആയുർവേദ ആശുപത്രിയുടെ നിർമാണം എന്നിവ പൂർത്തീകരിച്ചു. അട്ടപ്പാടിയിലെ മുഴുവൻ സർക്കാർ സ്കൂളുകളിലേക്കും കായിക വികസനത്തിനാവശ്യമായ ഉപകരണങ്ങൾ വിതരണം ചെയ്തു. അഗളി സി.എച്ച്.സി-യിൽ 40 കിടക്കകൾ ഉള്ള ആശുപത്രി കെട്ടിടത്തിന്റെ പ്രവർത്തനം അവസാന ഘട്ടത്തിലാണ്. കോട്ടത്തറയിലെ 100 കിടക്കകൾ ഉള്ള ആശുപത്രിക്കും പുതൂരിലെ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിനും വിവിധതരത്തിലുള്ള ആശുപത്രി ഉപകരണങ്ങൾ ആവശ്യാനുസരണം നല്കിയിട്ടുണ്ട്. 120 ഊരുകളിൽ സാക്ഷരതാ പ്രവർത്തനം നടത്തിവരുന്നു. ഇതുവരെ ഏകദേശം 50 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനും അതുവഴി ദാരിദ്ര്യം ലഘൂകരിക്കാനും സാധിച്ചു. ബാലവേല ഇല്ലാതാക്കുന്നതിനും സ്കൂളുകളിൽ നിന്നുള്ള ആദിവാസി വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കുന്നതിനും സാധിച്ചു. |

| | | | |
|---|---|---|---|
| (സി) | പദ്ധതിയുടെ മൊത്തം അടങ്കൽ തുക എത്രയാണെന്നും അതിൽ സംസ്ഥാന വിഹിതം എത്രയെന്നും അറിയിക്കുമോ ; | (സി) | മൊത്തം അടങ്കൽ തുക 219.31 കോടി രൂപ. സംസ്ഥാന വിഹിതം 42.41 കോടി രൂപ. |
| (ഡി) | പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിന് പ്രത്യേക സമിതികൾ രൂപീകരിച്ചിട്ടുണ്ടോ ; | (ഡി) | ഉണ്ട്. |
| (ഇ) | അട്ടപ്പാടിയിലെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിന് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ് എന്ന് അറിയിക്കുമോ ? | (ഇ) | ആരോഗ്യമേഖല, വിദ്യാഭ്യാസ മേഖല, അടിസ്ഥാന സൗകര്യങ്ങൾക്കുതകുന്ന ഭൗതിക സൗകര്യങ്ങൾ ഒരുക്കൽ, റോഡ്, പാലം, ജലസേചന സൗകര്യങ്ങൾ തുടങ്ങിയവയും സമ്പൂർണ്ണ ഊര് വികസന പരിപാടിയുമാണ് അട്ടപ്പാടിയിലെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിന് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:407 17-12-2008 ൽ മറുപടിക്ക്

## പന്നിയാർ പദ്ധതി പുനരുദ്ധാരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ടി.എൻ. പ്രതാപൻ<br>,, വി.ഡി. സതീശൻ<br>,, എൻ. ശക്തൻ | ശ്രീ. എ.കെ. ബാലൻ<br>(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) പന്നിയാർ പദ്ധതി പുനരുദ്ധീകരിക്കുന്നതിനുള്ള കരാർ നൽകിയോ; ഇല്ലെങ്കിൽ എന്തു കൊണ്ടെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും കരാർ നല്കിയിട്ടുണ്ട്. പണികൾ പുരോഗമിച്ചു വരുന്നു. |
| (ബി) അതിന്റെ പണിക്കുള്ള കരാർ എന്ന് നൽകും; വിശദമാക്കുമോ? | |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.408 17-12-2008-ന് മറുപടിക്ക്

## നഗര വികസന കൺസൽട്ടന്റുമാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പി.അനിൽകുമാർ<br>ശ്രീ.ജോർജ് മേഴ്സിയർ<br>ശ്രീ.സി.പി.മുഹമ്മദ് | ശ്രീ.പാലോളി മുഹമ്മദ്കുട്ടി,<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ) നഗരവികസനത്തിനായി എ.ഡി.ബി.നൽകുന്ന വായ്പ ഉപയോഗിച്ച് നടപ്പാക്കുന്ന പദ്ധതിക്ക് ഏതെല്ലാം വിധത്തിലുള്ള കൺസൽട്ടന്റുമാരും മേൽനോട്ടച്ചുമതലയുള്ള ഏജൻസികളും ഉണ്ടെന്ന് അറിയിക്കുമോ; | എ) സുസ്ഥിര നഗര വികസന പദ്ധതിക്കു വേണ്ടി മേൽനോട്ടച്ചുമതലയുള്ള ഏജൻസികളെ നിയമിച്ചിട്ടില്ല. എന്നാൽ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കൺസൽട്ടൻസികളെ നിയമിച്ചിട്ടുണ്ട്. വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി തിരുവനന്തപുരം, കൊല്ലം നഗരസഭകൾക്കായി ഡിസൈൻ ആന്റ് സൂപ്പർവൈസറി കൺസൽട്ടന്റായി, കൺസൽട്ടിംഗ് എഞ്ചിനിയറിംഗ് സർവ്വീസസ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ്, ന്യൂഡൽഹിയേയും കൊച്ചി, തൃശൂർ കോഴിക്കോട് നഗരസഭ കൾക്കായി കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ വാട്ടർ ആന്റ് പവർ കൺസൽ ട്ടൻസി സർവ്വീസസ് (ഇന്ത്യ) ലിമിറ്റഡ്, ന്യൂ ഡൽഹിയേയും നിയമിച്ചിട്ടുണ്ട്. കൂടാതെ സാങ്കേതിക സഹായ യൂണിറ്റായി വിൽബർസ്മിത്ത് അസോസിയേറ്റ്സ് (M/s.Wilbur Smith Associates Inc.) |

............2/-

നേയും നിയമിച്ചിട്ടുണ്ട്.

ബി) കൺസൾട്ടന്റുമാരുടെയും മേൽ നോട്ട ചുമതലയുള്ള ഏജൻസികളുടെയും ഉത്തരവാദിത്തങ്ങളും കർത്തവ്യങ്ങളും എന്തെല്ലാമാണ്;

ബി) കൺസൾട്ടന്റുമാരുടെ ചുമതലകൾ ചുവടെ ചേർക്കുന്നു:-

***സാങ്കേതിക സഹായ യൂണിറ്റിന്റെ ചുമതലകൾ:***

കേരള സുസ്ഥിര നഗര വികസന പദ്ധതിയുടെ ഭാഗമായി ആവിഷ്കരിച്ചിട്ടുള്ള വികസന പ്രവർത്തനങ്ങളുടെ മാനേജ്മെന്റ്, നിർവ്വഹണം (ഇംപ്ലിമെന്റേഷൻ) എന്നിവ ഫലപ്രദമായി നിർവഹിക്കുന്നതിന് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിനെ സജ്ജമാക്കുക എന്നതാണ് സാങ്കേതിക സഹായ യൂണിറ്റിന്റെ (Technical Support Unit - TSU) പ്രധാന ദൗത്യം. എഞ്ചിനീയറിംഗ് ഡിസൈനുകൾ, പ്രോക്യുർമെന്റ് (സാങ്കേതിക സാമഗ്രികളുടെ സംഭരണം), പദ്ധതി നിർവ്വഹണം, കാര്യശേഷി വികസനം എന്നിവയിൽ ടി.എസ്.യു. പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിനെ സഹായിക്കുന്നു. പദ്ധതികളുടെ രൂപകല്പന, മാനേജ്മെന്റ്, മോണിട്ടറിംഗ്, ഇവാല്യുവേഷൻ, സാമ്പത്തികവും പാരിസ്ഥിതികവുമായ പരിപാലനം, ദാരിദ്ര്യലഘൂകരണ പരിപാടികളുടെ പൊതുസമ്പർക്ക-ബോധ

വൽക്കരണ-പരിപാലന കാര്യങ്ങൾ എന്നിവ യിലും ടി.എസ്.യു. പ്രോജക്ക് മാനേജ്മെന്റ് യൂണിറ്റുകളേയും പ്രോജക്ക് ഇംപ്ലിമെന്റേഷൻ യൂണിറ്റുകളേയും സഹായിക്കുന്നു. പദ്ധതിയി ലുൾപ്പെട്ട മലിനജല സംസ്കരണ യൂണിറ്റുകളുടെ രൂപകൽപ്പന, പദ്ധതി പരിപാലനം എന്നിവ ഫലപ്രദമായി നിർവഹിക്കാനും ടെക്നിക്കൽ സപ്പോർട്ട് യൂണിറ്റിന്റെ സേവനം ആവശ്യമാണ്.

ഡിസൈൻ, സൂപ്പർവിഷൻ കൺസൾട്ടന്റുമാ രുടെ (Design and Supervision Consultants - DSCs) ആവശ്യകത.

1) ആവശ്യാനുസരണം പദ്ധതികളുടെ രൂപകൽപ്പന (ഡിസൈൻ), ഭൂപടം (മാപ്പ്) എന്നിവ പരിഷ്കരിക്കുക.

2) പദ്ധതി ഘടകങ്ങൾ രൂപകൽപ്പന ചെയ്യുന്ന തിന് ആവശ്യമായ സർവെകൾ, പഠനങ്ങൾ എന്നിവ നടത്തുക

3) ഓരോ പദ്ധതി നഗരത്തിലും നടപ്പാക്കുന്ന പദ്ധതി ഘടകങ്ങളുടെ വിശദമായ ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുക

............4/-

4) ടെക്നിക്കൽ സ്പെസിഫിക്കേഷനുകൾ, ദർഘാസ് രേഖകൾ, കരാർ രേഖകൾ എന്നിവ തയ്യാറാക്കുക

5) പ്രവൃത്തികളുടെ നിർമ്മാണമേൽനോട്ടം, ഗുണനിലവാര നിയന്ത്രണം, അളവെടുക്കൽ എന്നിവയിൽ സഹായിക്കുക

6) പദ്ധതി നിർവ്വഹണത്തിന്റെ ഷെഡ്യൂൾ തയ്യാറാക്കുക, പദ്ധതി കാലയളവിൽ പ്രവൃത്തികളുടെ പുരോഗതി റിപ്പോർട്ടു ചെയ്യുക.

സി) ഈ കൺസൾട്ടന്റുമാരുടെയും മേൽനോട്ട ചുമതലയുള്ള ഏജൻസികളുടെയും ചെലവുകൾ വഹിക്കേണ്ടത് ആരാണെന്നും അവർക്കുവേണ്ടി ഇതുവരെ എത്ര തുക ചെലവായി എന്നും അറിയിക്കുമോ?

സി) കെ.എസ്.യു.ഡി.പി. നേരിട്ടാണ് കൺസൾട്ടൻസികളുടെ ചെലവുകൾ വഹിക്കുന്നത്. ഇതിലേക്കായി 2008 നവംബർ 30 വരെ 7.56 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

മൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 409     17/12/2006-ൽ മറുപടിക്ക്

## പട്ടികവിഭാഗങ്ങൾക്ക് ഭവനനിർമ്മാണം

ചോദ്യം | മറുപടി
--- | ---
ശ്രീ.കെ.വി.കുഞ്ഞിരാമൻ<br>ശ്രീ.ബാബു എം.പാലിശ്ശേരി<br>ശ്രീമതി.കെ.കെ.ലതിക<br>ശ്രീ.കെ.സി.രാജഗോപാലൻ<br>ശ്രീ.ആർ.സെൽവരാജ് | ശ്രീ.എ.കെ.ബാലൻ<br>പട്ടികസമുദായ ക്ഷേമവും<br>ഊർജ്ജവും വകുപ്പു മന്ത്രി.
(എ) ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിച്ചു; | (എ) ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികജാതി വികസന വകുപ്പു മുഖേന 24682 കുടുംബങ്ങൾക്കും പട്ടികവർഗ്ഗ വികസന വകുപ്പു മുഖാന്തിരം 2968 കുടുംബങ്ങൾക്കും വീടുകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം 85069 വീടുകളും അനുവദിച്ചിട്ടുണ്ട്.
(ബി) ഭൂരഹിത ഭവനരഹിതരായ എത്ര പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾ ബാക്കിയുണ്ട്; | (ബി) പട്ടികജാതി വിഭാഗത്തിൽ ഭൂരഹിതരായി 68148 കുടുംബങ്ങളും ഭവനരഹിതരായി 64645 കുടുംബങ്ങളും ഉള്ളതായി കണക്കാക്കുന്നു. പട്ടികവർഗ്ഗ വിഭാഗത്തിൽ 35000 കുടുംബങ്ങൾ ഭൂമിയില്ലാത്തവരായും ഭവനരഹിതരായും ഉള്ളതായി കണക്കാക്കുന്നു.
(സി) ഇവരുടെ പുനരധിവാസത്തിന് എന്തു നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്? | (സി) സംസ്ഥാനത്തെ ഭവനരഹിതരും ഭൂരഹിതരുമായിട്ടുള്ള പട്ടികവിഭാഗങ്ങൾക്ക് വീടും സ്ഥലവും നൽകുക എന്നതാണ് സർക്കാരിന്റെ മുഖ്യ- ലക്ഷ്യം. സംസ്ഥാനത്തെ എല്ലാ

പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമിയും വീടും ലഭ്യമാക്കുന്നതിനുള്ള സ്പെഷ്യൽ പാക്കേജ് ആവിഷ്കരിച്ച് സമയബന്ധിതമായി നടപ്പിലാക്കുന്നതിന് മുഖ്യമന്ത്രി ചെയർമാനായും പട്ടികജാതി പിന്നാക്ക വിഭാഗക്ഷേമവും വൈദ്യുതിയും വകുപ്പ് മന്ത്രിയും, റവന്യൂ വകുപ്പ് മന്ത്രിയും വൈസ് ചെയർമാൻമാരായും, ധനകാര്യ വകുപ്പ് മന്ത്രി, തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എന്നിവർ അംഗങ്ങളായും ഒരു മന്ത്രിസഭാ സമിതി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറായും, ധനകാര്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ആസൂത്രണ കാര്യ വകുപ്പ് സെക്രട്ടറി, വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ലാൻഡ് റവന്യൂ കമ്മീഷണർ, റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എന്നിവർ അംഗങ്ങളായും ഒരു സെക്രട്ടറിതല സമിതിയും രൂപീകരിച്ചിട്ടുണ്ട്. ഈ സമിതി ഒരു മാസത്തിനകം നടപടിക്രമങ്ങൾ ആവിഷ്കരിച്ച് മന്ത്രിസഭാ ഉപ സമിതിയ്ക്ക് സമർപ്പിക്കുവാനും സ്പെഷ്യൽ പാക്കേജ് പ്രകാരം നടപ്പാക്കുവാനും ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

File No. 78385/DP1/08/LSGD

# പന്ത്രണ്ടാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 410 — 17.12.2008 -ൽ മറുപടിക്ക്

## ലോകബാങ്ക് വായ്പ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജി.കാർത്തികേയൻ<br>ശ്രീ.ടി.എൻ.പ്രതാപൻ<br>ശ്രീ.കെ.ശിവദാസൻ നായർ | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| (എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കുക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി ദാരിദ്ര്യ നിർമ്മാർജ്ജനം നടത്തുക മുതലായവയ്ക്ക് ലോകബാങ്കിൽ നിന്ന് വായ്പയെടുക്കുന്നുണ്ടോ; | (എ) & (ബി) & (സി) പ്രാരംഭ ചർച്ചകൾ നടന്നു വരുന്നു. വിശദാംശങ്ങൾ ആയിട്ടില്ല. |
| (ബി) എങ്കിൽ എത്ര തുകയാണ്; | |
| (സി) എന്തെല്ലാം വ്യവസ്ഥകൾക്ക് വിധേയമായാണ് വായ്പ എടുക്കുന്നതെന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 411 17.12.2008 ൽ മറുപടിയ്ക്ക്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾക്ക് അംഗീകാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സി.വേണുഗോപാൽ<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.സി.പി.മുഹമ്മദ് | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| (എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ അംഗീകരിക്കുന്നത് സംബന്ധിച്ച് ജില്ലാ സാങ്കേതിക സമിതികൾക്ക് നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ എന്താണെന്നു പറയുമോ; | (എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയും പ്രോജക്ടുകളും ജില്ലാ ആസൂത്രണ സമിതികൾ രൂപീകരിക്കുന്ന സാങ്കേതിക ഉപദേശക സമിതികൾ പരിശോധിച്ച് നൽകുന്ന ശുപാർശയുടെ അടിസ്ഥാനത്തിലാണ് ജില്ലാ ആസൂത്രണ സമിതികൾ അംഗീകരിക്കുന്നത്. സാങ്കേതിക ഉപദേശക സമിതികൾ ചുവടെ ചേർക്കുന്ന ഘടകങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്തിയാണ് വാർഷിക പദ്ധതിയും പ്രോജക്ടുകളും അംഗീകരിക്കുന്നത്.<br>1) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളത് ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖകൾ പ്രകാരമാണോ എന്നും മേഖലകളിലെ നിക്ഷേപ പരിധി, സബ്സിഡി പരിധികൾ, മേഖലാധിഷ്ഠിത മാർഗ്ഗരേഖകൾ, വ്യത്യസ്ത ഗ്രൂപ്പുകൾക്കുള്ള മുൻഗണനകൾ, മുതലായവ പരിശോധിച്ച് ഉറപ്പു വരുത്തുന്നുണ്ട് |

| | | |
|---|---|---|
| | | 2) പദ്ധതികൾ നിലവിലുള്ള സാങ്കേതിക മാർഗ്ഗരേഖകൾക്കനുസൃതമാണ് എന്ന് ഉറപ്പുവരുത്തുന്നുണ്ട്.<br>3) ചെലവ് നിശ്ചയിക്കൽ ഔചിത്യപൂർണ്ണമാണോ എന്നും നിർവഹണ ഘട്ടങ്ങൾ നിർണ്ണയിച്ചിട്ടുള്ളത് ന്യായയുക്തമാണോ എന്നും പരിശോധിക്കുന്നുണ്ട്.<br>ഇതു കൂടാതെ ജില്ലാ ആസൂത്രണ സമിതികൾ നൂതന പദ്ധതികളും സംയോജിത പ്രോജക്ടുകളും നിർദ്ദേശിക്കുകയും വിശദമായ സാങ്കേതിക പരിശോധന ആവശ്യമുള്ള പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി നൽകുകയും ചെയ്യുന്നുണ്ട്. |
| ബി) | ഇൻഫർമേഷൻ കേരള മിഷൻ (ബി) വഴി കമ്പ്യൂട്ടറിലാക്കി നൽകുന്ന കഴിഞ്ഞ വർഷത്തെ വരവു ചിലവ് കണക്കുകൾ പരിശോധിച്ച് പുതിയ പദ്ധതിയുമായി ഒത്തുനോക്കിയ ശേഷമേ ഈ വർഷത്തെ പദ്ധതിക്ക് അംഗീകാരം നൽകാവൂ എന്ന് ജില്ലാ സാങ്കേതിക സമിതിക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ടോ; | മുൻ വാർഷിക പദ്ധതിയിൽ മേഖലാതല വകയിരുത്തൽ, വനിതാ ഘടക പദ്ധതി, ശിശുക്കൾ, വൃദ്ധർ, വികലാംഗർ എന്നിവർക്കുള്ള പ്രത്യേക പദ്ധതികളുടെ വകയിരുത്തൽ മുതലായ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോ എന്നും ന്യൂനതകൾ ഉണ്ടെങ്കിൽ അടുത്ത വാർഷിക പദ്ധതിയിൽ അവ പരിഹരിച്ചിട്ടുണ്ടോ എന്നും ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കിയിട്ടുള്ള കമ്പ്യൂട്ടർ ആപ്ലിക്കേഷന്റെ സഹായത്തോടെ പരിശോധിച്ച് ജില്ലാ ആസൂത്രണ സമിതിക്ക് ശുപാർശ നൽകണമെന്ന് സാങ്കേതിക ഉപദേശക സമിതികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | |
|---|---|
| (ഡി) പ്രസ്തുത നിർദ്ദേശം ഈ വർഷത്തെ പദ്ധതി അംഗീകാരത്തെ ഏതു വിധത്തിൽ ബാധിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) പദ്ധതി കണക്കുകളുടെ പരിശോധന സുഗമമാക്കുന്നതിനും ചിട്ടപ്പെടുത്തുന്നതിനും സഹായകമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.412 — 17.12.2008-ൽ മറുപടിയ്ക്ക്.

## വിവിധ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഉമ്മർ:<br>ശ്രീ.പി.കെ.അബ്ദുറബ്ബ്:<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്: | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| (എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ സർക്കാർ നടപ്പിലാക്കുന്ന വിവിധ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ; | (എ) (i) നഗര സഭകളിലൂടെ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ:-<br>സംയോജിത ഭവന ചേരിവികസന പരിപാടി, (ഐ.എച്ച്.എസ്.ഡി.പി), എസ്.ജെ.എസ്.ആർ.വൈ, ബി.എസ്.യു.പി.<br>പോവർട്ടി സോഷ്യൽ ഫണ്ട് ഉപയോഗിച്ച് കോർപ്പറേഷനുകളിലെ ചേരിപ്രദേശങ്ങളിലെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായുള്ള പദ്ധതികൾ.<br>(ii) ഗ്രാമവികസന വകുപ്പു വഴി നടപ്പിലാക്കുന്നവ.<br>(i) സ്വർണ്ണ ജയന്തി ഗ്രാമസ്വറോസ്ഗാർ യോജന (എസ്.ജി.എസ്.വൈ).<br>(ii) ഇന്ദിരാ ആവാസ് യോജന (ഐ.എ.വൈ)<br>(iii) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എൻ.ആർ.ഇ.ജി.എസ്)<br>(iv) സമ്പൂർണ്ണ ശുചിത്വ യജ്ഞം (ടി.എസ്.സി)<br><br>(iii) പഞ്ചായത്ത് വഴി നടപ്പിലാക്കുന്നവ<br>ഇ.എം.എസ് ഭവന പരിപാടി,<br>ആശ്രയ പദ്ധതി. |

| | | | |
|---|---|---|---|
| (ബി) | ഈ പ്രവർത്തനങ്ങളെ കുടുംബശ്രീയുമായി യോജിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (ബി) | ഉണ്ട് നഗര സഭകളിലൂടെ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളുടെ നോഡൽ ഏജൻസി കുടുംബശ്രീയാണ്. എസ്.ജി.എസ്.വൈ യിൽ ആവിഷ്ക്കരിച്ച എല്ലാ സ്വയം സഹായ സംഘങ്ങളേയും കുടുംബശ്രീ സംഘടനാ സംവിധാനവുമായി സംയോജിപ്പിക്കുന്നതിനും കുടുംബശ്രീ സംഘടനാ സംവിധാനത്തിലൂടെ നടപ്പിലാക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. കുടുംബശ്രീ സംഘടനാ സംവിധാനങ്ങളായ അയൽക്കൂട്ടം, ഏര്യാഡെവലപ്പ്മെന്റ് സൊസൈറ്റി, കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റി എന്നിവയുടെ സജീവമായ പങ്കാളിത്തത്തോടെയാണ് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കി വരുന്നത്. |
| (സി) | കുടുംബശ്രീയെ കൂടുതൽ ജനകീയമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ? | (സി) | കുടുംബശ്രീ സംഘടനാ സംവിധാനം കൂടുതൽ ജനകീയമാക്കുന്നതിനും പ്രവർത്തനങ്ങളിൽ കൂടുതൽ സുതാര്യത കൈവരിക്കുന്നതിനും നിരവധി കർമ്മ പരിപാടികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നത്. സംഘടനാ സംവിധാനത്തിന്റെ പുറത്തുനിൽക്കുന്ന ദരിദ്ര ജനവിഭാഗങ്ങൾ, എസ്.സി, എസ്.ടി വിഭാഗങ്ങൾ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ, മറ്റ് ദുർബല വിഭാഗങ്ങൾ എന്നിവരെ കുടുംബശ്രീ സംഘടനാ സംവിധാനത്തിലേക്ക് കൊണ്ടുവരുന്നതിനും, ദാരിദ്ര്യ ലഘൂകരണ പദ്ധതികളുമായി ബന്ധിപ്പിക്കുന്നതിനും സംഘടനാ ശാക്തീകരണമെന്ന പേരിൽ പ്രത്യേകമായ കർമ്മപരിപാടി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. |

കൂടാതെ കുടുംബശ്രീ സംഘടനാ സംവിധാനം കൂടുതൽ ജനകീയമാക്കുന്നതിനും വ്യവസ്ഥാപിതമാക്കുന്നതിനും ഉപയുക്തമാം വിധം കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ ബൈലോയും പരിഷ്ക്കരിച്ചിട്ടുണ്ട്. ദരിദ്ര, ദരിദ്രേതര വിഭാഗങ്ങളെ കുടുംബശ്രീ സംഘടനാ സംവിധാനവുമായി കൂടുതൽ അടുപ്പിക്കുന്നതിനും കുടുംബശ്രീ പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുന്നതിനും ബൈലോ പരിഷ്ക്കരണം സഹായകരമാകും. കുടുംബശ്രീയുടെ വിവിധ പദ്ധതികളെ കോർത്തിണക്കി തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ക്രിയാത്മക പങ്കാളിത്തത്തോടെ വിപുലമായ ക്യാമ്പയിൻ പ്രവർത്തനങ്ങൾ പ്രാദേശിക തലത്തിൽ നടത്തുന്നതിന് കർമ്മപരിപാടികൾ ആവിഷ്ക്കരിച്ച് വരുന്നു. കൂടാതെ കുടുംബശ്രീയുടെ സാമ്പത്തിക ശാക്തീകരണ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമായും ജനകീയ പങ്കാളിത്തത്തോടെയും നടപ്പിലാക്കുന്നതിന് 'സമഗ്ര' എന്ന പേരിൽ പദ്ധതി നടപ്പിലാക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: * 413. 17.12.2008 ന് മറുപടിയ്ക്ക്

### *ഐ.ടി.ഐ.കളിലെ അടിസ്ഥാന സൗകര്യ വികസനം*

| ചോദ്യം. | ഉത്തരം |
|---|---|
| ശ്രീ. എം.എം മോനായി:<br>ശ്രീ. രാജു എബ്രഹാം:<br>ശ്രീമതി. കെ.എസ്. സലീഖ:<br>ശ്രീ. വി. ശശികുമാർ:<br>ശ്രീമതി: കെ.കെ. ശൈലജ ടീച്ചർ: | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി). |
| (എ) ഐ.ടി.ഐ. കളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വ്യക്തമാക്കുമോ; | (എ) രണ്ടാം ഗ്രേഡ് ഐ.ടി.ഐ.കളെ ഒന്നാം ഗ്രേഡായി ഉയർത്തുന്നതിനുള്ള പദ്ധതിയും, ഒന്നാം ഗ്രേഡ് ഐ.ടി.ഐ. കളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നതിനുള്ള പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. 2008-09 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 725 ലക്ഷം രൂപ '2230-03-101-87-മോഡണൈസേഷൻ ഓഫ് ഐ.ടി.ഐ.സ്' എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 400 ലക്ഷം രൂപ രണ്ടാം ഗ്രേഡായ 7 ഐ.ടി.ഐ. കളുടെ കെട്ടിടം, ഉപകരണങ്ങൾ തുടങ്ങി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഒന്നാം ഗ്രേഡ് ഐ.ടി.ഐ. കളാക്കി ഉയർത്തുന്നതിനായി വകയിരുത്തിയിട്ടുള്ളതാണ്. ബാക്കി തുക യന്ത്ര സാമഗ്രികളുടെയും ഫർണിച്ചറുകളുടെയും സംഭരണത്തിനും ഉപയോഗിച്ചു വരുന്നു. മികവിന്റെ കേന്ദ്രങ്ങൾ പദ്ധതി നടപ്പിലാക്കുന്നതിന് 800 ലക്ഷം രൂപ നടപ്പുവർഷം വകയിരുത്തിയിട്ടുണ്ട്. |

| | |
|---|---|
| (ബി) സ്വന്തമായി കെട്ടിടമില്ലാത്ത ഐ.ടി.ഐ.കൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) തന്നാണ്ടത്തെ ബഡ്ജറ്റിൽ ഈ ആവശ്യത്തിനായി 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കെട്ടിടം പണി സംസ്ഥാന പൊതുമരാമത്ത് വകുപ്പ് മുഖേന നടത്തിവരുന്നു. |
| (സി) ആധുനിക യന്ത്രോപകരണങ്ങളുടെ അപര്യാപ്തത അത്യാധുനിക ട്രേഡുകളിലെ ഗുണനിലവാരത്തെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) കാലപ്പഴക്കംമൂലം ഉപയോഗക്ഷമമല്ലാത്ത ഉപകരണങ്ങൾക്കു പകരം പുതിയ യന്ത്രോപകരണങ്ങൾ ലഭ്യമാക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്ക്കരിച്ച് ഫണ്ട് അനുവദിക്കുമോ? | (ഡി) മെയിന്റനൻസ് ഫണ്ടിൽ നിന്നും പ്രസ്തുത ആവശ്യത്തിന് ഫണ്ട് വിനിയോഗിച്ചുവരുന്നു. |

S. Mallathy

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.414

17.12.2008-ൽ മറുപടിയ്ക്ക്

## കിലയുടെ വികസനത്തിനായി നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുരളി പെരുനെല്ലി:<br>ശ്രീ.ബാബു എം. പാലിശ്ശേരി:<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ:<br>ശ്രീ.എ.സി.മൊയ്തീൻ :<br>പ്രൊഫ: സി.രവീന്ദ്രനാഥ് : | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| (എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന്റെ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (എ) കിലയുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി താഴെ പറയുന്ന വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നു.<br><br>1. നിലവിലുള്ള ഇരുപത് ഏക്കറിനോട് ചേർന്നുകിടക്കുന്ന അഞ്ച് ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു.<br><br>2. ആധുനിക സൗകര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഏകദേശം രണ്ടരക്കോടി ചെലവിൽ അന്തർദേശീയ പരിശീലന കേന്ദ്രത്തിന്റെ നിർമ്മാണ നടപടികൾ നടന്നുവരുന്നു.<br><br>3. പതിനേഴായിരം സ്ക്വയർ ഫീറ്റ് വിസ്തൃതിയിൽ എല്ലാ സൗകര്യങ്ങളോടുംകൂടിയ |

ലൈബ്രറിയുടെ നിർമ്മാണം അന്ത്യഘട്ടത്തിലെത്തിയിരിക്കുകയാണ്.

4. നിലവിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികളടക്കം നവീകരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

| | |
|---|---|
| (ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് കില പുതിയ പരിശീലന പരിപാടികൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; | (ബി) ഉണ്ട്. താഴെ പറയുന്ന പരിശീലന പരിപാടികൾ കില പുതുതായി നടപ്പിലാക്കി വരുന്നു.<br>1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പതിനൊന്നാം പദ്ധതിയുടെ ഭാഗമായി പദ്ധതി രൂപീകരണ പ്രോജക്ട് ഫോറങ്ങൾ പരിചയപ്പെടുത്തുന്നതിനുള്ള പരിശീലനം.<br>2. ഗ്രാമപഞ്ചായത്തുകളിൽ സർക്കാർ പുതുതായി ഏർപ്പെടുത്തിയ കെട്ടിട നിർമ്മാണ ചട്ടങ്ങൾ, വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ, വസ്തു നികുതി പരിഷ്കരണം ഫ്രണ്ട് ഓഫീസ് മാനേജ്മെന്റ് തുടങ്ങിയ വിഷയങ്ങളിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ഓഫീസ് സൂപ്പർവൈസർമാർ, മിനിസ്റ്റീരിയൽ ഉദ്യോഗസ്ഥർ എന്നിവർക്കുള്ള പരിശീലനം. |

3. ഗ്രാമപഞ്ചായത്തുകളുടെ ധനമാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങൾക്കുള്ള പരിശീലനം.
4. പഞ്ചായത്തുകളിലെ സ്ത്രീപദവിപഠനത്തിന്റെ തുടർച്ചയായി ജന്റർ ബജറ്റിങ്ങും പ്ലാനിങ്ങും നടപ്പാക്കുന്നതിന് ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും സന്നദ്ധപ്രവർത്തകർക്കുമുള്ള പരിശീലനം.
5. നഗരസഭകളിലെ ജീവനക്കാർക്ക് അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിലുള്ള പരിശീലനം.
6. നെല്ലുൽപ്പാദനം , പച്ചക്കറികൃഷി, ഉൾനാടൻ മത്സ്യകൃഷി, നാളികേര കൃഷിവികസനം, മുട്ട-പാൽ-മാംസം ഉൽപ്പാദനം എന്നീ വിഷയങ്ങളിൽ കേരളത്തിലെ വിവിധ ഭാഗങ്ങളിലായി പങ്കാളിത്ത പഠന പരമ്പര.
7. പിന്നാക്ക ജില്ലകളായ വയനാട്, പാലക്കാട് എന്നിവിടങ്ങളിൽ വികസന പിന്നാക്കാവസ്ഥ മറികടക്കുന്നതിനുള്ള പ്രത്യേക പരിശീലനങ്ങൾ.
8. പഞ്ചായത്തുകളിലെ എഞ്ചിനീയർമാർക്കും ഓവർസിയർമാർക്കും പൊതുമരാമത്ത് പ്രവൃത്തി

നിർവ്വഹണത്തിൽ പരിശീലനം.

9. നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും ഉല്പാദന വർദ്ധനവിനുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണാധികാരികൾക്കുള്ള പരിശീലനം.
10. ജാഗ്രതാസമിതി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനു സമിതി അംഗങ്ങൾക്കുള്ള പരിശീലനം.
11. ദേശീയ തൊഴിലുറപ്പ് പദ്ധതി മുഖേന ഉല്പാദന വർദ്ധനവും പ്രകൃതി വിഭവ പരിപാലനവും സാധ്യമാക്കുന്നതിനുള്ള അനുഭവ പഠന പരമ്പരയടക്കമുള്ള പരിശീലനങ്ങൾ.
12. പതിനൊന്നാം പദ്ധതിയുടെ ഭാഗമായി പഞ്ചായത്തുകളുടെ പ്രോജക്ടുകൾ മെച്ചപ്പെടുത്തുന്നതിനും പരിശോധന കാര്യക്ഷമമാക്കുന്നതിനും സാങ്കേതിക ഉപദേശക സമിതി അംഗങ്ങൾക്കുള്ള പരിശീലനം.
13. പട്ടികവർഗ്ഗ മേഖലയിലെ വികസന വിടവുകൾ കണ്ടെത്തുന്നതിനായി നടത്തുന്ന സമഗ്രസർവ്വേ ഫലപ്രദമായി നടത്തുന്നതിനുള്ള പരിശീലനങ്ങൾ.

| | |
|---|---|
| (സി) ജില്ലയുടെ വികസന പ്രവർത്തനങ്ങൾക്കായി കേന്ദ്ര സർക്കാരിൽ നിന്നും | (സി) ഉണ്ട്. |

| | |
|---|---|
| മറ്റ് ഏജൻസികളിൽ നിന്നും സഹായം ലഭിക്കുന്നുണ്ടോ ; | |
| (ഡി) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പരിശീലന സ്ഥാപനങ്ങളായ കിലയും എസ്.ഐ.ആർ.ഡിയും സംയോജിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ഡി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഇ) കിലയുടെ ഉപകേന്ദ്രങ്ങൾ എല്ലാ ജില്ലകളിലും ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ? | (ഇ) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:415     17-12-2008 ൽ മറുപടിക്ക്

ധാരണാവില വിജ്ഞാപനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി<br>,, യു.സി. രാമൻ | ശ്രീ. എസ്.ശർമ്മ<br>(ഫിഷറീസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി). |
| (എ) ഭൂമിയുടെ ധാരണാവിലയുടെ മുപ്പത് ശതമാനം വർദ്ധിപ്പിക്കണമെന്ന എന്തെങ്കിലും നിർദ്ദേശം സബ്-രജിസ്ട്രാർ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങളും കാരണവും വ്യക്തമാക്കുമോ; | (എ) നിർദ്ദേശം നൽകിയിട്ടില്ല. |
| (ബി) ധാരണാവില പരാതി തീർത്ത് വിജ്ഞാപനം ചെയ്യുന്ന നടപടി എന്ന് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ? | (ബി) കേരളാമുദ്രപ്പത്ര നിയമം 28 എ വകുപ്പ് പ്രകാരം ഭൂമിയുടെ ന്യായവിലയുടെ വിജ്ഞാപനമാണ് പുറപ്പെടുവിക്കേണ്ടത്. 5-5-2008-ൽ 872-ാം നമ്പർ അസാധാരണ ഗസറ്റ് പ്രകാരം കരട് ന്യായവില പ്രസിദ്ധീകരിച്ചിട്ടുണ്ട്. കരട് ന്യായവിലയിലെ അപാകതകൾ ബന്ധപ്പെട്ട ആർ.ഡി.ഒമാർ പരിശോധിച്ച് പരിഹരിച്ചുകൊണ്ടിരിക്കുകയാണ്. പരാതികൾ ലഭിച്ചിട്ടില്ലെങ്കിൽപ്പോലും അപാകതകൾ പരിശോധിച്ച് പരിഹരിച്ച് കുറ്റമറ്റ രീതിയിൽ ന്യായ വില നിശ്ചയിക്കാൻ ആർ.ഡി.ഒമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അപാകതകൾ പൂർണ്ണമായും പരിഹരിച്ച് ആർ.ഡി.ഒമാർ ന്യായവില അന്തിമമായി നിർണയിക്കുന്ന മുറയ്ക്ക് ന്യായവില വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

* നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 416      17.12.2008-ൽ മറുപടിക്ക്

ബാലവേല തടയുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. പ്രകാശൻ മാസ്റ്റർ<br>ശ്രീ. എ. പ്രദീപ് കുമാർ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. പി. കൃഷ്ണപ്രസാദ് | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ബാലതൊഴിലാളി കളെ നിയമിക്കുന്നതിനെതിരെ ബോധ വൽക്കരണം നടത്താറുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഹോട്ടലുകളിലും വിനോദ സഞ്ചാരകേന്ദ്രങ്ങളിലും ഇപ്പോഴും നിരവധി കുട്ടികൾ ജോലി ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഇല്ല. |
| (സി) കഴിഞ്ഞ രണ്ടു വർഷ കാലയള വിൽ ബാലവേലയുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തുവെന്ന് അറിയിക്കുമോ? | (സി) 30.06.2006 മുതൽ 31.03.2008 വരെ യുള്ള രണ്ട് വർഷക്കാലം ബാലവേല നിരോധന നിയമപ്രകാരം നടത്തിയ പരിശോധനയിൽ 16 കേസുകൾ പ്രോസിക്യൂഷൻ നടപടികൾ ആരംഭി ക്കുകയും ഇതിൽ ഒരു കേസ് ശിക്ഷിക്ക പ്പെടുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 417 17-12-2008 ൽ മറുപടിക്ക്

## ആധാരങ്ങളിലെ ഭാഷാശൈലി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് എം. പുതുശ്ശേരി<br>,, തോമസ് ചാഴിക്കാടൻ<br>,, റോഷി അഗസ്റ്റിൻ. | ശ്രീ. എസ്.ശർമ്മ<br>(ഫിഷറീസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി). |
| (എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെടുന്ന ആധാരങ്ങളിലെ ഭാഷാശൈലി ഏകീകരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;<br><br>(ബി) ആധാരങ്ങളിൽ കൃത്രിമത്വം ഒഴിവാക്കാൻ എന്തൊക്കെ മുൻകരുതലുകളാണ് കൈക്കൊണ്ടിട്ടുള്ളത്; | (എ യും ബി യും)<br>രജിസ്ട്രേഷനായി ഹാജരാക്കുന്ന ആധാരങ്ങൾക്ക് സംസ്ഥാനമൊട്ടുക്ക് ഐകരൂപ്യമുണ്ടാക്കുന്നതിനും ലളിതമാക്കുന്നതിനുമായി 1908-ലെ രജിസ്ട്രേഷൻ നിയമപ്രകാരം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് കൊണ്ട്, രജിസ്ട്രേഷനായി ഹാജരാക്കാൻ ഉദ്ദേശിക്കുന്ന ആധാരങ്ങൾ തയ്യാറാക്കുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ 19-11-2008-ലെയും 29-11-2008-ലെയും RR4-27617/08 നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങളിൽ കൃത്രിമത്വം ഒഴിവാക്കുന്നതിനും, ബിനാമി ഇടപാടുകളും അനധികൃത കൈമാറ്റങ്ങളും തടയുന്നതിനുമായി ബന്ധപ്പെട്ട വകുപ്പുകളിലും ചട്ടങ്ങളിലും ആവശ്യമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. |
| (സി) ഇപ്പോൾ രജിസ്റ്റർ ചെയ്യപ്പെടുന്ന ആധാരങ്ങളിൽ പ്രാദേശിക ഭാഷാശൈലി കർശനമായി ഒഴിവാക്കി വ്യക്തത ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ; | (സി) 19-11-2008-ലെയും 29-11-2008-ലെയും RR4 27617/08 നമ്പർ സർക്കുലർ പ്രകാരംസംസ്ഥാനമൊട്ടുക്ക് ആധാരഘടനയിൽ ഐകരൂപ്യ മുണ്ടാക്കുന്നതിനായി, രജിസ്ട്രേഷനായി ഹാജരാക്കുന്നതിലേക്കായി ആധാരങ്ങൾ തയ്യാറാക്കുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. എന്നാൽ അതാത് |

| | |
|---|---|
| | പ്രദേശത്ത് പരമ്പരാഗതമായി ഉപയോഗിച്ച് വരുന്ന പദങ്ങളോ, സംജ്ഞകളോ ആധാരങ്ങളിൽ ഉപയോഗിക്കുന്നതിന് തടസ്സമില്ല. |
| (ഡി) പ്രമാണങ്ങൾ രജിസ്റ്റർ ചെയ്യാൻ മുദ്രപത്രങ്ങളിലും അനുബന്ധ പേജുകളിലും ഡി.ടി.പി. സംവിധാനം ഉപയോഗിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) 1958-ലെ കേരള രജിസ്ട്രേഷൻ ചട്ടങ്ങളിലെ 32 (iv)-ാം ചട്ടം പ്രകാരം ആധാരങ്ങൾ, എഴുതുകയോ അച്ചടിക്കുകയോ ടൈപ്പ് ചെയ്യുകയോ ആവാമെന്ന് നിലവിൽ വ്യവസ്ഥയുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

# പന്ത്രണ്ടാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നംപർ : T*418 — 17.12.2008-ൽ മറുപടിയ്ക്ക്

## രാജേന്ദ്രബാബു കമ്മീഷൻ റിപ്പോർട്ട്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.സി.കെ.പി.പത്മനാഭൻ<br>ശ്രീ.കെ.സി.രാജഗോപാലൻ | | ശ്രീ.എ.കെ.ബാലൻ<br>പട്ടിക സമുദായ ക്ഷേമവും<br>ഊർജ്ജവും വകുപ്പ് മന്ത്രി | |
| (എ) | പിന്നോക്ക വിഭാഗങ്ങൾക്കുള്ള ക്രീമിലെയർ പരിധി നിർണ്ണയിക്കുന്നതിന് നിയോഗിക്കപ്പെട്ടിട്ടുള്ള 'രാജേന്ദ്രബാബു' കമ്മീഷൻ നൽകിയ പുതിയ ഇടക്കാല റിപ്പോർട്ടിലെ ശുപാർശകൾ എന്തൊക്കെയാണ്; | (എ) | മറ്റു പിന്നോക്ക വിഭാഗങ്ങൾക്ക് ഉദ്യോഗ നിയമനങ്ങളിലേയ്ക്കുള്ള മേൽത്തട്ടു വരുമാന പരിധി 4.5 ലക്ഷം രൂപയായി കേന്ദ്ര സർക്കാർ നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഉദ്യോഗ നിയമനങ്ങളിലേയ്ക്കുള്ള വരുമാന പരിധിയും, രാജേന്ദ്രബാബു കമ്മീഷന്റെ അന്തിമ റിപ്പോർട്ട് സമർപ്പിയ്ക്കുന്നതുവരെ 4.5 ലക്ഷം രൂപയായി നിജപ്പെടുത്താമെന്ന് ഉപദേശം ടി കമ്മീഷനിൽ നിന്നും ലഭിച്ചിട്ടുണ്ട്. |
| (ബി) | ഈ ശുപാർശകൾ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | പരിശോധിച്ചു വരുന്നു |
| (സി) | ക്രീമിലെയർ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള വരുമാന പരിധി ഉയർത്തുന്നതിന് കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ടോ; എങ്കിൽ ശുപാർശ ചെയ്യപ്പെട്ട പുതിയ പരിധി എത്രയാണ്; | (സി) | മേൽത്തട്ട് വരുമാന പരിധി 4.5 ലക്ഷമായി ഉയർത്തുന്നതിന് കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. |
| (ഡി) | നിലവിൽ വിവിധ വിഭാഗങ്ങൾക്കുള്ള ഉദ്യോഗ പ്രാതിനിധ്യം കണക്കാക്കുന്നതിന് സർവ്വേ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഇക്കാര്യത്തിൽ എന്തെങ്കിലും ശുപാർശ കമ്മീഷനു നൽകിയിട്ടുണ്ടോ; | (ഡി) | പിന്നോക്ക വിഭാഗങ്ങളുടേയും മുന്നോക്ക വിഭാഗങ്ങളുടേയും ജനസംഖ്യ അടിസ്ഥാനമാക്കി ഒരു സാമൂഹിക സാമ്പത്തിക സർവ്വേ നടത്തണമെന്ന് ജസ്റ്റിസ് രാജേന്ദ്രബാബു കമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഇ) | **ക്രീമിലെയർ സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച് നിലവിലുള്ള ഉത്തരവുകളിലെ അവ്യക്തതകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?** | (ഇ) | ജസ്റ്റിസ് രാജേന്ദ്രബാബു കമ്മീഷന്റെ ശുപാർശകൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:419 17-12-2008 ൽ മറുപടിക്ക്

ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി<br>,, സി.എച്ച്. കുഞ്ഞമ്പു.<br>,, എ.എം. ആരിഫ്.<br>,, എ.സി. മൊയ്തീൻ.<br>ശ്രീമതി. പി. അയിഷാ പോറ്റി. | ശ്രീ. എസ്.ശർമ്മ<br>(ഫിഷറീസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി). |
| (എ) ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് കാലാനുസൃതമായി പരിഷ്ക്കരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) ഈ വിഷയം പരിശോധിക്കുന്നതാണ്. |
| (ബി) രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളുടെ വരവ് ചെലവുകണക്ക്, വാർഷിക റിപ്പോർട്ട്, നിയമാവലി ഭേദഗതികൾ, തെരഞ്ഞെടുപ്പ് വിവരങ്ങൾ മുതലായവ കൃത്യമായി ഫയൽ ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളുടെ പ്രവർത്തനം ഫലപ്രദമായി വിലയിരുത്തുവാൻ സംവിധാനം ഏർപ്പെടുത്തുമോ; | (സി) രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുവാൻ നിലവിൽ സംവിധാനം ഇല്ല. രജിസ്ട്രേഷനായി സമർപ്പിച്ചിട്ടുണ്ടായിരുന്ന ബൈലായ്ക്ക് വിരുദ്ധമായി ഏതെങ്കിലും സ്ഥാപനം പ്രവർത്തിക്കുന്നതായി പരാതിലഭിച്ചാൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) സന്നദ്ധ സംഘടനകൾ,ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ, പൗര സമിതികൾ, കർഷക സംഘടനകൾ, ജീവകാരുണ്യപ്രസ്ഥാനങ്ങൾ, കലാ സാംസ്കരിക സംഘടനകൾ മുതലായവയുടെ രജിസ്ട്രേഷന് പ്രത്യേക ബോർഡ് രൂപവൽക്കരിക്കുവാൻ തയ്യാറാകുമോ? | (ഡി) ഈ വിഷയം തൽക്കാലം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട</u>
<u>ചോദ്യം നമ്പർ: 420</u>

17. 12. 2008-ൽ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികൾക്കായി ജല പരിഷ്കരണ നിയമം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ.പി. കെ.അബ്ദുറബ്ബ്<br>ശ്രീ.കെ.കുട്ടി അഹമ്മദ് കുട്ടി | ശ്രീ. എസ്. ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) മത്സ്യത്തൊഴിലാളികൾക്കായി ജല പരിഷ്കരണ നിയമം നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | എ) ഉണ്ട്. |
| ബി) എങ്കിൽ ഇതു സംബന്ധിച്ച എന്തെങ്കിലും പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ബി) ഇതു സംബന്ധിച്ചുള്ള പഠന റിപ്പോർട്ട് 13-04-07 ലെ ജി.ഒ (ആർ.റ്റി) നം.245/07/എഫ്.&പി.ഡി പ്രകാരം നിയോഗിക്കപ്പെട്ട ഡോ.കെ.രവീന്ദ്രൻ ചെയർമാനായിട്ടുള്ള വിദഗ്ദ്ധ സമിതി 05-09-08 ൽ സമർപ്പിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.